# ജനനീതി

160

ആഗസ്റ്റ് 2010

3.00 ക.



കാതിക്കൂടം നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് കമ്പനി ചാലക്കുടി പുഴയിലേക്ക് പുറന്തള്ളുന്ന മാലിന്യങ്ങളിൽ തഴച്ചുവളരുന്ന കുളവാഴകൾ.

# ഇന്ത്യ നാശത്തിൽനിന്ന് നാശത്തിലേക്ക്

**- നാരായൺ ലക്ഷ്മൺ -**

**സ**മാധാനാന്തരീക്ഷമില്ലാത്ത പ്രധാന രാജ്യങ്ങളുടെ മുൻപന്തിയിലാണ് ഇന്ത്യയുടെ സ്ഥാനമെന്ന് ആഗോള സമാധാന സൂചക റിപ്പോർട്ടിൽ പറയുന്നു.

വിവിധ രാജ്യങ്ങളിലെ സമാധാനാന്തരീക്ഷത്തെ വിലയിരുത്തിക്കൊണ്ട് കൊല്ലം തോറും പ്രസിദ്ധീകരിച്ചുവരുന്ന ഒരു സൂചികയാണിത്. ഇന്ത്യയിൽ സമാധാനാന്തരീക്ഷം മഹാമോശമാണെന്നു മാത്രമല്ല, കൊല്ലം കഴിയും തോറും സ്ഥിതി കൂടുതൽ വഷളായി വരികയാണെന്നും റിപ്പോർട്ടിൽ പറയുന്നു.

സാമ്പത്തിക ശാസ്ത്രം, ബിസിനസ്സ്, സമാധാനം എന്നിവ തമ്മിലുള്ള ബന്ധത്തെപ്പറ്റി ഗവേഷണ പ്രവർത്തനം നടത്തുന്ന പണ്ഡിതന്മാരുടെ സംഘടനയായ സാമ്പത്തികശാസ്ത്ര-സമാധാന ഇൻസ്റ്റിട്യൂട്ട് തയ്യാറാക്കുന്ന ആഗോള സമാധാന സൂചികയാണിത്.

149 രാജ്യങ്ങളിലെ വിവിധ സമാധാന ഘടകങ്ങളെ വിലയിരുത്തിക്കൊണ്ട് തയ്യാറാക്കിയിരിക്കുന്ന 2010 ലെ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം 128-ാമത്തേതാണ്. 2009 ലെ സ്ഥിതിയേക്കാൾ ആറു റാങ്കിന്നു പിന്നണിയിലാണിത്.

ഇന്ത്യയുടേതിനേക്കാൾ മോശമാണ് യുദ്ധം കൊണ്ട് കലുഷിതമായിരുന്ന ശ്രീലങ്കയുടേയും ആഭ്യന്തര കുഴപ്പം അനുഭവപ്പെടുന്ന പാക്കിസ്താന്റേയും സ്ഥിതി. ശ്രീലങ്കയുടേത് 133-ാം റാങ്കാണെങ്കിൽ പാക്കിസ്ഥാന്റേത് 145-ാം റാങ്കാണ്. ഉഗ്രയുദ്ധം നടക്കുന്ന അഫ്ഘാനിസ്ഥാന്റെ റാങ്ക് 147 ആണ്.

എന്നാൽ നീപ്പാൾ താരതമ്യേന ശാന്തമാണ്. 82-ാം റാങ്കാണ് അവർക്കുള്ളത്. ബംഗ്ലാദേശിന്റേത് 87-ാം റാങ്കാണെങ്കിൽ ഭൂട്ടാന്റേത് 36-ാം റാങ്കാണ്.

സമാധാനത്തെ സംബന്ധിച്ചിടത്തോളം ദക്ഷിണേഷ്യയുടെ സ്ഥിതി വളരെ മോശമായിട്ടുണ്ട്. യുദ്ധങ്ങൾ, ആഭ്യന്തര കുഴപ്പം മുലമുള്ള മരണങ്ങൾ, മനുഷ്യാവകാശ ധ്വംസനങ്ങൾ എന്നിവയാണിതിന്നു കാരണം. ലോകത്തെ ഒന്നാകെ എടുത്താലും സ്ഥിതി അല്പം മോശമായിരിക്കുകയാണ്.

ആഗോള തലത്തിൽ ഏറ്റവും സമാധാനപൂർണ്ണമായ രാജ്യം ന്യൂസിലാൻഡാണ്. അതിന്റെ തൊട്ടടുത്താണ് ഐസ്ലാൻഡിന്റേയും ജപ്പാന്റേയും സ്ഥാനം. വിരോധാഭാസമെന്നു പറയട്ടെ അമേരിക്കയുടേത് 85-ാം റാങ്കാണ്. സമാധാന ഗണനയിൽ ഏറ്റവും ഒടുവിലത്തെ സ്ഥാനം ഇറാഖിനാണ്. ❑

ജനനീതി

ആഗസ്റ്റ് 2010

**160**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജ ന നീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# മരവിച്ച മനുഷ്യത്വം രക്ഷാഭടന്മാരായി അവതരിക്കുമ്പോൾ

**ഒ**രാൾ മരിച്ചാൽ, അയാൾ എത്രതന്നെ ദുഷ്ടനായിരുന്നാലും, അയാളെപ്പറ്റി മോശമായൊന്നും പറയാതിരിക്കുന്നതാണ് സംസ്കാരത്തിന്റേയും നാഗരികതയുടേയും ലക്ഷണം. അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിലുള്ള ശീതയുദ്ധം അതിന്റെ പാരമ്യത്തിലെത്തിനിൽക്കേയാണ് 1953 ൽ സ്റ്റാലിൻ മരിച്ചത്. അന്നു ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിച്ച ഒരു മുഖപ്രസംഗം പ്രസിദ്ധമാണ്. "സ്റ്റാലിന്റെ മരണത്തിൽ ഖേദിക്കുന്നു എന്നെഴുതാൻ ഞങ്ങൾക്കാകുന്നില്ല." അതേ, നാഗരികനായ ഒരു മനുഷ്യന് പോകാവുന്നതിന്റെ പരമാവധി ദൂരമാണത്. അങ്ങനെയിരിക്കെ, ശവത്തോട് അനാദരം കാണിക്കുന്ന ഒരാളെ കിരാതനെന്നല്ലാതെന്താണ് പറയുക?

ജൂൺ 16ന്ന് ബംഗാളിലെ പശ്ചിമ മേദിനീപുരം ജില്ലയിൽപെട്ട സാൽബോനി വനമേഖലയിൽ രക്ഷാഭടന്മാരും മാവോയിസ്റ്റുകളും തമ്മിലുണ്ടായ ഒരു ഏറ്റുമുട്ടലിൽ മൂന്നു യുവതികളടക്കം ഒരു ഡസൻ മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടുവെന്നാണ് അധികൃതർ പറയുന്നത്. ഇന്ത്യയിൽ അധികൃതർ പറയുന്നതിനെയെല്ലാം ഒരുനുള്ള് ഉപ്പിന്റെ സഹായത്തോടെ മാത്രമേ ജനങ്ങൾക്ക് വിഴുങ്ങാൻ കഴിയൂ. ഇതിന്റെ സ്ഥിതിയും അതുതന്നെയാണ്. അഞ്ചോ ആറോ മണിക്കൂർ നീണ്ടുനിന്ന ഭീകരമായ ഒരു ഏറ്റുമുട്ടലിൽ ഒരു ഡസനോളം മാവോയിസ്റ്റുകൾ മരിച്ചു വീണപ്പോഴും ഒരൊറ്റ പോലീസുകാരനുപോലും ഒരു പോറൽപോലും ഏറ്റില്ലെന്നു വരുമ്പോൾ, അത് ഒരു ഏറ്റുമുട്ടൽതന്നെയായിരുന്നുവോ എന്ന് ഒരാൾ ശങ്കിച്ചുപോകും. അതെന്തുമാകട്ടെ ഇവിടത്തെ ചർച്ചാവിഷയം അതല്ല.



**മനുഷ്യത്വം മരവിക്കുമ്പോൾ സംഭവിക്കാവുന്നത്**: ബംഗാളിൽ രക്ഷാഭടന്മാരുമായുള്ള ഒരേറ്റുമുട്ടലിൽ കൊല്ലപ്പെട്ട ഒരു യുവതിയെ ചത്ത നാല്ക്കാലിയെ എന്നപോലെ എടുത്തുകൊണ്ടുപോകുന്നു.

രക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മരിച്ചവർ എത്രയായാലും ശരി, പോലീസിന്ന് എട്ടു മൃതദേഹങ്ങളേ കിട്ടിയിട്ടുള്ളൂ. എവിടെനിന്നോ പിടികൂടിയ ഒരു ചെറുപ്പക്കാരനെ മാവോയിസ്റ്റ് എന്ന മുദ്രകുത്തി അറസ്റ്റ് ചെയ്തിട്ടുമുണ്ട്. (ഒരാൾ മാവോയിസ്റ്റാണോ കമ്യൂണിസ്റ്റാണോ സോഷ്യലിസ്റ്റാണോ എന്നൊക്കെ തിരിച്ചറിയുന്നതെങ്ങനെയാണ്?) പിടികിട്ടിയ മൃതദേഹങ്ങളെ രക്ഷാസേനക്കാർ കാട്ടിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്. ഭാരമുള്ള ഒരു സാധനം നീക്കം ചെയ്യുന്നതെങ്ങനെയാണ്? മരത്തടിയോ മറ്റോ ആണെങ്കിൽ കയർ കെട്ടിവലിച്ചു നീക്കാം. പശു, പോത്ത് തുടങ്ങിയ ഇടത്തരം മൃഗങ്ങളാണ് ചത്തതെങ്കിൽ, ഒരു മുളംതണ്ടിൽ കെട്ടിയെടുത്ത് നീക്കം ചെയ്യുകയാണ് പതിവ്. മരിച്ചത് മനുഷ്യനാണെങ്കിൽ, മൃതദേഹം നീക്കം ചെയ്യാൻ മാർഗ്ഗം പലതുണ്ട്. രണ്ടോ മൂന്നോ പേർ ചേർന്ന് എടുത്തുമാറ്റാം; അല്ലെങ്കിൽ ഒരു സ്ട്രെച്ചർ ഉപയോഗിക്കാം; അതുകിട്ടാനില്ലെങ്കിൽ വെറും തുണിയിൽ എടുത്തുമാറ്റാം. ഏതായാലും മൃഗങ്ങളെയെന്നപോലെ മുളംതണ്ടിൽ കെട്ടിയെടുത്തു മാറ്റുന്ന ഏർപ്പാട് ഇന്നേവരെ ഒരിടത്തും കണ്ടിട്ടില്ല, ഇപ്പോൾ ബംഗാളിൽനിന്നാണ് ഭീകരമായ ആ ദൃശ്യം കാണാൻ കഴിഞ്ഞത്.

ഏതെങ്കിലും കൊടും കാട്ടിൽ ആരുടേയും ദൃഷ്ടിയിൽ പെടാതെ നടന്ന ഒരു കിരാതവൃത്തിയൊന്നുമല്ല ഇത്. ടെലിവിഷൻ ചാനലുകൾ അത് ആഘോഷമായി കൊണ്ടാടി. രാജീവ് ഗാന്ധി മരിച്ചു കിടക്കുന്ന ദൃശ്യം അച്ചടിച്ചാൽ ആർക്കെങ്കിലും വിഷമം തോന്നുമോ എന്ന് വ്യാകുലപ്പെട്ട ദിനപത്രമായ "ഹിന്ദു" പോലും ഈ ഭീകര ദൃശ്യം പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നിട്ടോ, കൽക്കത്തയിലും ദൽഹിയിലും ആർക്കും ഒരു മനസ്സാക്ഷിക്കുത്തുപോലും തോന്നിയില്ല. ഏതോ പത്രക്കാർ ഇതിനെപ്പറ്റി ചോദിച്ചപ്പോൾ ബംഗാൾ ആഭ്യന്തരകാര്യ സെക്രട്ടറി ➡



# കാഴ്ചപണ്ടമായി അവശേഷിക്കുന്ന ദളിത് രക്ഷാനിയമം

**- രാഹി ഗേക്‌വാദ് -**

ജാതീയമായ കുറ്റകൃത്യങ്ങൾക്ക് കഠിനമായ ശിക്ഷ നൽകാൻ ശക്തമായൊരു നിയമം നിലവിലുണ്ടെങ്കിലും, ഈ നിയമപ്രകാരം ചാർജ് ചെയ്യപ്പെടുന്ന കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്നത് അത്യപൂർവ്വമാണ്. മഹാരാഷ്ട്രം ഇക്കാര്യത്തിൽ മുന്നിൽ നിൽക്കുന്നു.

വിവരാവകാശ നിയമപ്രകാരം മഹാരാഷ്ട്ര ഗവർമ്മേണ്ടിൽനിന്നും ശേഖരിച്ച കണക്കുപ്രകാരം 2007 ൽ ദളിത് രക്ഷാനിയമ പ്രകാരമുള്ള കേസുകളിൽ 2.9 ശതമാനത്തിൽ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂവെന്നാണ് കാണുന്നത്. ദളിതുകളെ ദ്രോഹിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന മധ്യേന്ത്യൻ സംസ്ഥാനങ്ങളിൽ പോലും ഇതിലുമേറെ കേസുകളിൽ ശിക്ഷിക്കപ്പെടുന്നുണ്ട്.

2007 ൽ യു.പി. യിൽ ദളിത് ദ്രോഹ നിവാരണ നിയമപ്രകാരം ചാർജ് ചെയ്ത കേസുസളിൽ 50.7 ശതമാനത്തിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. രാജസ്ഥാനിൽ ഇത് 47 ശതമാനവും മധ്യപ്രദേശിൽ 40 ശതമാനവും കേസുകളിൽ ശിക്ഷിക്കപ്പെട്ടു. തീരെ പിന്നണിയിൽ കിടക്കുന്ന ബീഹാറിൽ പോലും 17 ശതമാനം കേസുകളിൽ വിധിയായിട്ടുണ്ട്.

ദളിത് ദ്രോഹ കേസുകളിൽ അലംഭാവം കാണിക്കുന്ന മഹാരാഷ്ട്രത്തിന്റെ ഒപ്പം നിൽക്കാവുന്ന മറ്റൊരു

---

സമരഘോഷ് പറഞ്ഞത് "അന്വേഷിക്കാ"മെന്നാണ്. ഇത്തരം നീചമായ പെരുമാറ്റങ്ങളാണ് മനുഷ്യരെ മാവോയിസ്റ്റുകളായി മാറ്റുന്നതെന്ന് അറിയാനുള്ള വിവേകം പോലും നമ്മുടെ രാഷ്ട്രീയ നേതാക്കൾക്കില്ലാതായിരിക്കുന്നു.

ഇതുവരെ ലഭിച്ച റിപ്പോർട്ടുകൾ കൂട്ടിവച്ചു വായിക്കുന്ന ഒരാൾക്ക് സാൽബോനി വനത്തിൽ ജൂൺ 16ന്നു നടന്നുവെന്നു പറയുന്ന ഏറ്റുമുട്ടലിന്റെ സത്യാവസ്ഥയിൽതന്നെ സംശയം തോന്നും. മാവോയിസ്റ്റുകൾ സാൽബോനി കാട്ടിൽസമ്മേളിച്ചിട്ടുണ്ടെന്ന് വിവരം കിട്ടിയതനുസരിച്ചു നടത്തിയ മിന്നൽ വേട്ടയിൽ ഒരു ഡസൻ മാവോയിസ്റ്റുകൾ മരിച്ചുവെന്നാണ് പോലീസ് പറയുന്നത്. ആറുമണിക്കൂർ നീണ്ടുനിന്ന ഈ സംഘട്ടനത്തിൽ മാവോയിസ്റ്റുകൾ ആകാശത്തേക്കാണോ വെടിവച്ചത്? ഒരു പോലീസുകാരന്നുപോലും ഒരു പോറൽപോലുമേൽക്കാതെ ആറുമണിക്കൂർ നേരം സംഘട്ടനം നടന്നുവെങ്കിൽ, ഇത് ഒന്നുകിൽ ഒരു കുട്ടിക്കളിയാകണം; അല്ലെങ്കിൽ ഗുജറാത്തിൽ നമുക്ക് പരിചിതമായതുപോലെയുള്ള ഒരു കൃത്രിമ സംഘട്ടനമാകണം. അറസ്റ്റ് ചെയ്യപ്പെട്ട മാവോയിസ്റ്റ് ഒരു ഊമയും ബധിരനുമാണെന്നാണ് പോലീസ് ആദ്യം പറഞ്ഞിരുന്നത്. അങ്ങനെയാണെങ്കിൽ ഈ കൊല്ലപ്പെട്ടവരുടെ ഊരും പേരുമെല്ലാം പോലീസിന്ന് എവിടെനിന്നു കിട്ടി. പോലിസിനെ സഹായിക്കാനായി സ്വന്തം ഐഡന്റിറ്റി കാർഡും കൊണ്ടാണോ സമ്മേളനങ്ങൾക്ക് വരുന്നത്?

മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്തവർ രക്ഷാ സേനയിൽ അംഗങ്ങളായി വരുമ്പോൾ അതൊരു അരക്ഷാസേനയായി രൂപാന്തരപ്പെടുന്നു. നമ്മൾ കാണാൻ കൂട്ടാക്കാത്ത സത്യം ഇതാണ്. ❏

സംസ്ഥാനം കർണ്ണാടകമാണ്. കർണ്ണാടകത്തിൽ ദളിതു നിയമപ്രകാരമുള്ള കേസുകളിൽ 3.2 ശതമാനത്തിൽ മാത്രമേ 2007 ൽ വിധി പറഞ്ഞിട്ടുള്ളൂ. അതിന്നും പുറമെ ശിക്ഷിക്കപ്പെടുന്നതിന്റെ നിരക്ക് കുറഞ്ഞു കുറഞ്ഞു വരുന്നുവെന്ന ഒരു പ്രത്യേകതകൂടിയുണ്ട്. മഹാരാഷ്ട്രത്തിൽ 2005ൽ 6.3 ശതമാനം കേസുകളിൽ ശിക്ഷിക്കപ്പെട്ടിരുന്നു; 2006 ൽ അത് 4.6 ശതമാനമായും 2007 ൽ 2.9 ശതമാനമായും കുറഞ്ഞു.

പൗരാവകാശ സംരക്ഷണത്തിന്നുള്ള അഡീഷണൽ ഡയറക്ടർ ജനറലായ പങ്കജഗുപ്തക്കും ഈ പോക്കിൽ ഉൽക്കണ്ഠയുണ്ട്. പക്ഷെ ഇതിന്ന് ഒരുപാട് കാരണങ്ങളുണ്ടെന്ന് അദ്ദേഹം പറയുന്നു. ജനസംഖ്യ കണക്കില്ലാതെ പെരുകുന്നു; കേസുകളുടെ എണ്ണം നാലിരട്ടിയായിട്ടുണ്ട്. അപ്പോൾ കേസുകൾ തീരുമാനമാകാതെ അവശേഷിക്കുന്നത് സ്വാഭാവികമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പോലീസിൽ ഒഴിവായി കിടക്കുന്ന തസ്തികകൾ ഏറെയാണ്. അതൊക്കെ നികത്താൻ ശ്രമം നടന്നു വരുന്നുണ്ട്. അതിനെല്ലാം പുറമെ ദളിത് ദ്രോഹത്തെക്കുറിച്ച് ആളുകളെ ഉദ്ബുദ്ധരാക്കാൻ നാനാവിധത്തിലും നടപടികളെടുത്തു വരുന്നുണ്ട്. എന്തതിക്രമമുണ്ടായാലും മിണ്ടാതെ സഹിക്കുന്നവരല്ല ഇന്നത്തെ ജനങ്ങൾ. ഇതെല്ലാം കൂടി പരിഗണിച്ചേ ഇക്കാര്യത്തിലൊരു നിഗമനത്തിലെത്താവൂ എന്ന് അദ്ദേഹം പറഞ്ഞു.2010 മാർച്ച് വരെയുള്ള കണക്കെടുത്താൽ ദളിത് സംരക്ഷണ നിയമം പൗരാവകാശ ധ്വംസന നിയമം എന്നിവയനുസരിച്ച് ചാർജ് ചെയ്യപ്പെട്ടിട്ടുള്ളത് 5411 കേസുകളാണ്. ഇതിൽ 249 എണ്ണത്തിൽ കുറ്റപത്രം സമർപ്പിച്ചു കഴിഞ്ഞു. എന്നാൽ ഏഴെണ്ണത്തിലേ വിധി പറഞ്ഞിട്ടുള്ളൂ.

ദളിത് ബലാത്സംഗ കേസുകൾ വർധിച്ചുവരുന്നുവെന്നതാണ് അസ്വാസ്ഥ്യജനകമായ മറ്റൊരു കാര്യം. ഔദ്യോഗിക കണക്കുകൾ പ്രകാരം 2007 മാത്രമാണ് ഇതിന്നൊരു അപവാദം. 2007 ൽ ദലിതുകൾക്കെതിരായുണ്ടായ 75 ബലാത്സംഗക്കേസുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. 2005ൽ 83 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടപ്പോൾ 2009ൽ അത് 103 ആയി വർധിച്ചു. 2010 ലെ ആദ്യത്തെ മൂന്നു മാസക്കാലത്തുതന്നെ 39 ബലാത്സംഗക്കേസുകൾ ദളിത് സംരക്ഷണ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

2005 മുതൽ 2010മാർച്ച് വരെയുള്ള ആറുകൊല്ലത്തിന്നിടയിൽ ദളിത് നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടത് 6083 കേസുകൾ ആണ്. അതായത് കൊല്ലം തോറും ആയിരം കേസെന്നു പറയാം. എന്നാൽ ദളിത് നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യാൻ മാത്രമായുള്ള സ്പെഷൽ കോടതിയൊന്നും മഹാരാഷ്ട്രത്തിലില്ല.

ദളിത്രക്ഷാ നിയമം പോലുള്ള സാമൂഹ്യ സുരക്ഷിതത്വ നിയമങ്ങൾ ലംഘിച്ചത് സംബന്ധിച്ച് കേസുണ്ടായാൽ, അത് അന്വേഷിച്ച് നടപടിയെടുക്കുക ദുഷ്കരമാണെന്ന് പോലീസ് പറയുന്നു. നാട്ടിൻ പുറത്തെ സാമൂഹ്യ ജീവിതം പരസ്പരാശ്രിതമാണ്. തെളിവുതരാൻ ആളെകിട്ടില്ല. പോരെങ്കിൽ, ഗ്രാമീണർക്കിടയിലെ രാഷ്ട്രീയം പ്രതിബന്ധം സൃഷ്ടിക്കും.

ദളിതുകൾക്കെതിരായ കുറ്റകൃത്യങ്ങൾ വർധിക്കുന്നതായി തോന്നുന്നുണ്ടെങ്കിലും അത് യഥാർത്ഥമായിക്കൊള്ളണമെന്നില്ലെന്നും അധികൃതർ പറയുന്നു. ജനങ്ങൾ ഇപ്പോൾ ഉദ്ബുദ്ധരാണ്. പരാതി പരിഹരിക്കാൻ പോലീസും കോടതിയുമുണ്ടെന്ന ബോധം മൂലം ധാരാളം കേസുകൾ രജിസ്റ്റർ ചെയ്യ്പെട്ടുവെന്നു വരും. അതിക്രമങ്ങൾ വർധിച്ചതിന്റെ സൂചകമായി അതെടുത്തുകൂടാ എന്നതാണ് അധികൃതരുടെ നിലപാട്. ❑







# കാളകൂടം ഉല്പാദിപ്പിക്കുന്ന കാതിക്കൂടം ഫാക്ടറിയെപ്പറ്റി

*(തൃശൂർ ജില്ലയിലെ ചാലക്കുടിക്കടുത്ത് കാതിക്കൂടം എന്ന പ്രദേശത്തെ ജനജീവിതത്തെയാകെ തകരാറിലാക്കുന്ന "നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്" എന്ന കമ്പനിയുടെ പ്രവർത്തനത്തെപ്പറ്റി ജനനീതി നിയോഗിച്ച വിദഗ്ധ സംഘത്തിന്റെ റിപ്പോർട്ടിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ)*




ജനനീതി പഠനസംഘം നിറ്റാ ജലാറ്റിൻ കമ്പനിക്കു മുമ്പിൽ

തങ്ങളുടെ നാട്ടിൽ പ്രവർത്തിച്ചുവരുന്ന ഒരു ഫാക്ടറിയുണ്ടാക്കുന്ന മലിനീകരണത്തെക്കുറിച്ചുള്ള പരാതിയുമായി കാതിക്കൂടത്തുനിന്ന് ചിലർ ജനനീതിയെ സമീപിച്ചത് 1996 ലാണ്. ഹൈക്കോടതിയിൽ ഒരു പൊതുതാല്പര്യ ഹർജി സമർപ്പിക്കണമെന്നായിരുന്നു അവരുടെ നിർദ്ദേശം. ഒരു പ്രാഥമിക അന്വേഷണം നടത്തിയതിൽ സ്ഥിതിഗതികൾ ഗുരുതരമാണെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. അങ്ങനെ ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിക്കാനുള്ള കടലാസുകളെല്ലാം തയ്യാറാക്കി.

പക്ഷെ പരാതിക്കാർ പിന്നീട് വന്നില്ല. അന്വേഷിച്ചപ്പോൾ പരാതിക്കാരെ കമ്പനി സ്വാധീനിച്ചതായി മനസ്സിലായി. റിട്ട് ഹർജി സമർപ്പിക്കാൻ സാധിച്ചില്ലെങ്കിലും പ്രശ്നം അപരിഹാര്യമായി അവശേഷിച്ചു. ജനജീവിതം ദുരിതമയമാ

യിത്തന്നെ തുടർന്നു. പക്ഷെ വലിയൊരു കമ്പനിക്കെതിരെ പരാതിപ്പെടാൻ ആരും ധൈര്യപ്പെട്ടില്ല. സമൂഹം ഒറ്റക്കെട്ടായി നിന്നാലേ ഇത്തരം സാഹചര്യങ്ങളെ നേരിടാൻ കഴിയൂ.

ശുദ്ധജലംപോലും ലഭ്യമല്ലാതായപ്പോൾ, ജനങ്ങൾ രണ്ടും കല്പിച്ചിറങ്ങി. അങ്ങനെ 2008 മാർച്ച് 23ന്ന് നാട്ടുകാർ ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. നാനാവിധ സംഘടനകൾ ഇവർക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

1975 ഏപ്രിലിലാണ് "കേരള കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് ലിമിറ്റഡ്" സ്ഥാപിതമായത്. കേരളത്തിലെ വ്യവസായ വികസന കോർപ്പറേഷനും ജപ്പാനിലെ നിറ്റ കമ്പനിയും ചേർന്നു സ്ഥാപിച്ചതാണിത്. പ്രധാന പങ്കാളി കേരള വ്യവസായ വികസന കോർപറേഷനുമാണ്. കേരളത്തിലെ വ്യവസായ സെക്രട്ടറിയായ ടി. ബാലകൃഷ്ണൻ (ഐ.എ.എസ്) ആണ് കമ്പനിയുടെ ചെയർമാൻ. എന്നിട്ടും കമ്പനി പറയുന്നു, തങ്ങളുടേത് ഒരു സ്വകാര്യമേഖലാ സ്ഥാപനമാണെന്ന്!

1975 ൽ രൂപീകരിച്ച കേരള കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് 2008 ജൂണിൽ "നിറ്റ ജലാറ്റിൻ ഇന്ത്യ"യായി രൂപാന്തരപ്പെട്ടു. എന്താണിതിന്നു കാരണം? ഭോപ്പാലിലെ യൂണിയൻ കാർബൈഡ് എന്ന വിഷവാതക കമ്പനി സംബന്ധിച്ച വിധിയാണോ ഈ രൂപാന്തരത്തിന്നു കാരണമായിട്ടുള്ളത്? കമ്പനിക്കാരോട് ചോദിച്ചപ്പോൾ അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ ശ്രദ്ധ പിടിച്ചുപറ്റാനാണിതെന്നു പറയുന്നു.

അന്താരാഷ്ട്ര വിപണിയെ ലക്ഷ്യമാക്കാവുന്ന വിധത്തിൽ എന്താണിവിടെ ഉല്പാദിപ്പിക്കുന്നത്? കമ്പനി പറയുന്നതനുസരിച്ചാണെങ്കിൽ ഇവിടത്തെ ഉല്പന്നങ്ങൾ ജെലാറ്റിൻ (വജ്രപശ) കൊളാജൻ (വൈദ്യശാസ്ത്രം, ശസ്ത്രക്രിയ, കൃത്രിമാവയവങ്ങൾ എന്നിവക്കായി ഉപയോഗിക്കുന്നത്) പെപ്റ്റൈസ് (അയിനോ ആസിഡുകളുടെ ശൃംഖലയടങ്ങിയ കാർബണിക സംയുക്തം) ഓസീൻ (എല്ലിന്റെ ജൈവാംശം) തുടങ്ങിയവയാണ്. ഉല്പന്നങ്ങൾ ജപ്പാനിലേക്കും മറ്റും കയറ്റുമതി ചെയ്യുന്നുണ്ടെന്നും, ആ വകയിൽ നൂറുകോടി രൂപയുടെ വരുമാനമെങ്കിലും കൊല്ലംതോറും ഉണ്ടാകുന്നുണ്ടെന്നു മാനേജ്മെന്റ് അവകാശപ്പെടുന്നു. മുന്നൂറ്റമ്പതിലധികം പേർക്ക് കമ്പനിയിൽ ജോലി നൽകുന്നുണ്ടെന്നും മാനേജ്മെന്റ് അവകാശപ്പെടുന്നു.

കന്നുകാലികളുടെ എല്ലാണ് പ്രധാനപ്പെട്ട അസംസ്കൃത വസ്തു. ഇത് ശേഖരിക്കുന്നത് ഉത്തരേന്ത്യയിൽ നിന്നാണെന്നും കമ്പനിക്ക് സ്ഥിരമായി എല്ല് എത്തിച്ചുകൊടുക്കുന്ന 14 സപ്ലൈയർമാരുണ്ടെന്നും കമ്പനി പറയുന്നു. എല്ല് എത്തിക്കുന്ന 14 സപ്ലൈയർമാരുടെ പേരോ മറ്റു വിവരങ്ങളോ നൽകാൻ കമ്പനിക്കാർ വിസമ്മതിച്ചു. എന്തുകൊണ്ടാണ് ഈ ഒളിച്ചുകളി? അറിയില്ല. മിക്ക ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഗോവധനിരോധനം നിലവിലുണ്ടെന്നിരിക്കെ ഇത്രയേറെ എല്ല് എവിടെനിന്ന് കിട്ടുന്നുവെന്നും അറിയില്ല. കമ്പനി ദിവസേന 130 ടൺ എല്ല് ഉപയോഗിക്കുന്നുണ്ടെന്നാണ് പറയുന്നത്. ഇരുപതു ടൺ കുമ്മായവും 120000 ലിറ്റർ ഹൈഡ്രോ ക്ലോറിക് ആസിഡും ദിവസേന വേണം. ഫെറിക് ക്ലോറൈഡ്, ആലം, കാസ്റ്റിക് സോഡ തുടങ്ങിയ രാസവസ്തുക്കളും കമ്പനിയിൽ ഉപയോഗിക്കുന്നുണ്ട്.

ഫാക്ടറി ആരംഭിച്ച കാലത്ത് പരിസ്ഥിതിയെപ്പറ്റിയൊന്നും ആർക്കും ഒരെത്തും പിടിയുമുണ്ടായിരുന്നില്ല. സൈലന്റ് വാലി പ്രക്ഷോഭണമാരംഭിക്കുന്നതിനെല്ലാം മുമ്പ് സ്ഥാപിതമായതാണ് ഈ ഫാക്ടറി. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രസിദ്ധമായ സ്റ്റോക് ഹോം പ്രഖ്യാപനമുണ്ടായതു



കമ്പനി പുറന്തള്ളുന്ന മാലിന്യം
ചാലക്കുടി പുഴയിൽ

പോലും 1972 ൽ മാത്രമായിരുന്നു. എങ്ങനെയെങ്കിലും കുറെ വ്യവസായങ്ങൾ ആരംഭിക്കണമെന്നുമാത്രം കരുതിയിരുന്ന കാലത്ത് സ്ഥാപിക്കപ്പെട്ട ഫാക്ടറിയാണിത്. കുറച്ചുപേർക്ക് തൊഴിൽ ലഭിക്കണമെന്നല്ലാതെ കമ്പനിക്കാർ എന്തു ചെയ്യുന്നുവെന്നോ അതിന്റെ ഭവിഷ്യത്ത് എന്തായിരിക്കുമെന്നോ അന്നാരും ചിന്തിച്ചിരുന്നില്ല.

കമ്പനി പ്രവർത്തനമാരംഭിച്ച് കുറച്ചു കഴിഞ്ഞപ്പോഴാണ് ഇതത്ര നല്ലൊരു ഇടപാടൊന്നുമല്ലെന്ന് ജനങ്ങൾക്ക് തോന്നിത്തുടങ്ങിയത്. അതിന്ന് കാരണം പലതുണ്ടായിരുന്നു. സൈലന്റ് വാലി വിവാദം ജനങ്ങൾക്കിടയിൽ പരിസ്ഥിതിയെക്കുറിച്ച് അവബോധമുളവാക്കിയിരുന്നു. രണ്ടാമത് കോഴിക്കോട്ടെ മാവൂർ റയോൺസ് ഫാക്ടറി വരുത്തിക്കൂട്ടുന്ന നാശങ്ങളെക്കുറിച്ച് ജനങ്ങൾ പത്രങ്ങളിലൂടെ പലതും മനസ്സിലാക്കിത്തുടങ്ങിയിരുന്നു. മൂന്നാമത് പ്ലാച്ചിമടയിലെ കൊക്കൊകോള പദ്ധതി ജനങ്ങളെ വിഡ്ഢികളാക്കുന്ന രീതി കാതിക്കൂടത്തുകാരും മനസ്സിലാക്കി. നാലാമത് അനുഭവസമ്പത്തുതന്നെ. അനുഭവമാണല്ലൊ ഏറ്റവും നല്ല ഗുരുനാഥൻ. നന്നായൊന്ന് ശ്വാസോച്ഛ്വാസം നടത്താനാകാത്ത സ്ഥിതി വരുത്തിയിരിക്കുന്നത് ഈ ഫാക്ടറിയാണെന്ന് ജനങ്ങൾ മനസ്സിലാക്കി. കുടിക്കാനൊരു ഗ്ലാസ് വെള്ളം വേണമെങ്കിൽ കാശു കൊടുത്ത് വാങ്ങേണ്ടിവരും. എന്തെങ്കിലും ഒരപകടം സംഭവിച്ചാൽ ഒരു "ഭോപ്പാൽ" കാതിക്കൂടത്തും ആവർത്തിച്ചുവെന്നുവരുമെന്ന ഭീതി ജനങ്ങളെ വിട്ടൊഴിയാതെ പിൻതുടർന്നു. മലിനീകരണ നിയന്ത്രണ ബോർഡിലേയും ഭരണകൂടത്തിലേയും ഉദ്യോഗസ്ഥന്മാർ നടത്തുന്ന ഒളിച്ചുകളി ആശങ്കകളെയെല്ലാം ഇരട്ടിപ്പിച്ചു.

ആരോഗ്യകരമായ ഒരു ജീവിതത്തിന്ന് ഭരണഘടന ഉറപ്പു നൽകുന്നുണ്ട്. എന്നാൽ കാതിക്കൂടത്ത് ആ ഉറപ്പിന്നൊരു വിലയും കൽപിച്ചില്ല. സമീപത്തുകൂടി ഒഴുകുന്ന ചാലക്കുടി പുഴയിൽനിന്ന് ലക്ഷക്കണക്കിന്ന് ലിറ്റർ വെള്ളം കമ്പനിയിലെ ഉൽപാദന പ്രക്രിയക്കായി എടുക്കുന്നുണ്ട്. അതിന്ന് ആരുടേയും അനുമതി ചോദിക്കുകയോ വാങ്ങുകയോ ഉണ്ടായിട്ടില്ല. ഉല്പാദന പ്രക്രിയ കഴിഞ്ഞാൽ ഏതാണ്ട് അത്രതന്നെ മലിനജലം പുഴയിലേക്ക് ഒഴുക്കുന്നുമുണ്ട്. മലിനജലമെല്ലാം ശുദ്ധീകരിച്ചാണ് പുഴയിലൊഴുക്കുന്നതെന്ന് കമ്പനിക്കാർ അവകാശപ്പെടുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് പോലും ആ അവകാശവാദം അംഗീകരിക്കുന്നില്ല. പുഴയിലൊഴുക്കിവിടുന്ന ഈ മലിനജലം മനുഷ്യർക്കും മൃഗങ്ങൾക്കുമെന്നല്ല, കൃഷിക്കുപോലും വിനാശകരമാണ്.

ഫാക്ടറിക്കു ചുറ്റുമുള്ള കിണറുകളിലെ ജലം മലിനമായിട്ടുണ്ട്. ഗാർഹികോപയോഗത്തിനെന്നല്ല, കൃഷിക്കുപോലും ഈ മലിനജലം ഹാനികരമാണ്. അന്തരീക്ഷ മലിനീകരണം ഭീമമാണ്. വീടും കുടിയും ഉപേക്ഷിച്ചു നാടുവിടേണ്ട സ്ഥതിയിലാണ് ജനങ്ങളിപ്പോൾ. വായുവും ജലവും മലിനമാക

യാൽ ബന്ധുമിത്രാദികൾ പോലും കാതിക്കൂടത്തേക്ക് വരുന്നത് കഴിയുന്നത്ര ഒഴിവാക്കുന്നു. വരൻ കാതിക്കുടത്തു കാരനാണെന്നറിഞ്ഞാൽ, ആ കാരണം കൊണ്ടുമാത്രം വിവാഹബന്ധം വേണ്ടെന്നു വയ്ക്കുന്നവരുണ്ട്.

എല്ലുകൾ ചതച്ച് എന്തെല്ലാമോ രാസപദാർത്ഥങ്ങൾ ചേർത്താണ് ഈ ഫാക്ടറിയിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നത്. നിർമ്മാണ പ്രക്രിയ കഴിയുമ്പോൾ ചളിപോലെയുള്ള ഒരു അവശിഷ്ടം ബാക്കിവരും. ഈ ചളിയിൽ ഊറ്റിയെടുക്കാവുന്നതെല്ലാം അതിവിശിഷ്ടമായ വിളമാണെന്ന് പറഞ്ഞ് കർഷകർക്ക് നൽകുന്നു. ബാക്കിവരുന്നത് തൃശൂർ ജില്ലയിലും പരിസര പ്രദേശങ്ങളിലും കുണ്ടും കുഴിയും നികത്താൻ ഉപയോഗിക്കുന്നു. തങ്ങളുണ്ടാക്കുന്ന കമ്പോസ്റ്റ് വളം അപകടരഹിതമാണെന്ന് വനം-പരിസ്ഥിതി മന്ത്രി കാര്യാലയവും കേരള കാർഷിക സർവ്വകലാശാലയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നാണ് കമ്പനിക്കാർ അവകാശപ്പെടുന്നത്.

ഫാക്ടറിക്കു ചുറ്റുമുള്ള കിണറുകളും നെൽപാടങ്ങളും നിരുപയോഗമായിട്ട് കാലം കുറെയായെന്ന് നാട്ടുകാർ പറയുന്നു. ഇപ്പോൾ വളമെന്നു പറഞ്ഞ് കർഷകരുടെ തലയിൽ കെട്ടിവയ്ക്കുന്ന ഖരമാലിന്യങ്ങൾ മുമ്പ് ഫാക്ടറി വളപ്പിന്നകത്തുതന്നെയാണ് നിക്ഷേപിച്ചിരുന്നത്. കിണർപോലെ പതിനഞ്ചടി ആഴത്തിൽ കുഴിയെടുത്ത് അതിലാണ് മാലിന്യങ്ങൾ നിക്ഷേപിക്കാറുള്ളത്. ഇതു കാരണം സമീപ പ്രദേശങ്ങളേക്കാൾ ഉയർന്ന തലത്തിലാണ് ഫാക്ടറി വളപ്പ്. ഈ മാലിന്യ നിക്ഷേപങ്ങളിൽനിന്ന് മാലിന്യങ്ങൾ ചോർന്നിറങ്ങുന്നതുമൂലം സമീപ പ്രദേശത്തെ മണ്ണും ജലസംഭരണികളുമെല്ലാം മലിനമായിട്ടുണ്ട്.

ഭോപ്പാലിലെ യൂണിയൻ കാർബൈഡും പ്ലാച്ചിമടയിലെ കൊക്കാകോളയും ഇന്ത്യൻ നിയമം തങ്ങൾക്ക് ബാധകമല്ലെന്നു പറഞ്ഞ് ജയിച്ചു നിൽക്കുന്നതു കണ്ടതുകൊണ്ടാകാം കേരള കെമിക്കൽസിന്റെ പേര് പെട്ടെന്നൊരു ദിവസം നിറ്റ ജെലാറ്റിൻ എന്നാക്കി മാറ്റിയതെന്നുവേണം ഊഹിക്കാൻ. ന്യായമായ മറ്റൊരു കാരണവും ഈ പേരുമാറ്റത്തിന്റെ പിന്നിൽ കാണുന്നില്ല.

ഏതൊരു പാരിസ്ഥിതിക വിനാശമെടുത്താലും അതിന്റെ പിന്നിൽ കടുത്ത അഴിമതി കാണാം. എല്ലാ നിറത്തിലും എല്ലാതരത്തിലുമുള്ള രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ പ്രമുഖരും അവിടെ മറഞ്ഞിരിക്കുന്നുണ്ടാകും. അഴിമതിക്കാരായ ഒന്നോ രണ്ടോ പേർക്ക് സംഘടിപ്പിക്കാവുന്ന ഒന്നല്ല ഇത്. അതിനോട് കിടപിടിക്കുന്നതാണ് പൊതു ജനങ്ങളുടെ അജ്ഞത. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾ അവരുടെ കടമ നിർവ്വഹിച്ചിരുന്നുവെങ്കിൽ ഭോപ്പാലും പ്ലാച്ചിമടയുമൊന്നും സംഭവിക്കുകയില്ലായിരുന്നു. കാതിക്കൂടത്തും ഒരു ദുരന്തമുണ്ടായതിന്നുശേഷം വേണോ നമുക്ക് തട്ടിക്കുടഞ്ഞെഴുന്നേൽക്കാൻ?

നിക്ഷിപ്ത താൽപര്യമൊന്നുമില്ലാത്ത ഒരു സംഘം വളണ്ടിയർമാർ നടത്തിയ വിനീതമായ സേവനത്തിന്റെ ഫലമാണ് ഈ റിപ്പോർട്ട്. പഴയ സാമ്രാജ്യത്വ ശക്തികളുടെ പുതിയ അവതാരങ്ങളായ ബഹുരാഷ്ട്ര കമ്പനികൾ നമ്മുടെ പരിസ്ഥിതിയെ ചവിട്ടിമെതിക്കുന്നതുകണ്ടുകൊണ്ടുള്ള വേവലാതിയാണ് ഈ പഠനത്തിന്നു പ്രേരകമായത്.

പൊതുതാല്പര്യ പ്രശ്നങ്ങളിലും പാരിസ്ഥിതിക കാര്യങ്ങളിലും ജനനീതി ഇൻസ്റ്റിട്യൂട്ടിന്ന് ശക്തമായ വീക്ഷാഗതികളും പതറാത്ത നിലപാടുകളുമുണ്ട്. ആ പശ്ചാത്തലത്തിൽ വേണം ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെ വീക്ഷിക്കാൻ. ആരെയെങ്കിലും ദ്രോഹിക്കാനുള്ള വിദൂരമായ ഉദ്ദേശംപോലും ഞങ്ങൾക്കില്ല. ഈ ഭൂമിയേയും അതിലെ വിഭവങ്ങളേയും മലിനീകരിക്കുന്നവരെ അതിൽനിന്ന് പിൻതിരിപ്പിക്കലാണ് ഇതിന്റെ ഉദ്ദേശം. ❑



# കാളകൂടം ഉല്പാദിപ്പിക്കുന്ന കാതിക്കൂടം

## ജനനീതി നിയോഗിച്ച സംഘം കണ്ടതും അനുഭവിച്ചതും

**ജ**പ്പാനിലെ നിറ്റ ജലാറ്റിനും കേരള വ്യവസായ വികസന കോർപ്പറേഷനും ചേർന്ന് 1975 ൽ ചാലക്കുടിക്കടുത്ത കാതിക്കൂടത്ത് വജ്രപ്പശയും മറ്റും ഉൽപാദിപ്പിക്കുന്ന ഒരു ഫാക്ടറി സ്ഥാപിച്ചു 1979ൽ അവിടെ ഉല്പാദനമാരംഭിച്ചു. ജനങ്ങൾക്ക് അന്നു പരിസ്ഥിതിയെക്കുറിച്ച് ബോധമൊന്നുമുണ്ടായിരുന്നില്ല. പിന്നേയും അഞ്ചുകൊല്ലം കഴിഞ്ഞശേഷമാണ് ഭോപ്പാൽ വിഷവാതക ദുരന്തമുണ്ടാകുന്നത്.



ജനനീതി വിദഗ്ധസംഘം ചാലക്കുടി പുഴയിൽ പരിശോധന നടത്തുന്നു.

കേരള കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് എന്ന പേരിൽ ആരംഭിച്ച കമ്പനിയുടെ പേർ ഈയിടെ "നിറ്റ ജലാറ്റിൻ ഇന്ത്യ" എന്നാക്കി മാറ്റി. ന്യായമായ ഒരു കാരണവും കമ്പനിക്ക് ഇതിന്ന് പറയാനില്ല. എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ, ഇന്ത്യൻ നിയമം തങ്ങൾക്ക് ബാധകമല്ല എന്നു വാദിക്കാൻ വേണ്ടി മാത്രമാണീ വേഷം മാറ്റമെന്നു തോന്നുന്നു.

വജ്രപ്പശയും ചിലതരം അമിനോ ആസിഡുകളുമാണ് ഈ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്നത്. ഇതുണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണത്തെപ്പറ്റി ജനങ്ങൾ പരാതിപ്പെടാൻ തുടങ്ങിയിട്ട് കാലമേറെയായി. ഈ സാഹചര്യത്തിലാണ് ജനനീതി സ്ഥിതിഗതികളുടെ യാഥാർത്ഥ്യമറിയാൻ ഒരു വിദ്ഗ്ധ സംഘത്തെ നിയോഗിച്ചത്. സംഘം 2010 മാർച്ച് 13ന് കാതിക്കൂടത്ത് എത്തുമെന്ന കാര്യം നേരത്തെത്തന്നെ കമ്പനിയെ അറിയിച്ചിരുന്നു. കമ്പനിയാകട്ടെ അന്വേഷണ സംഘവുമായി എല്ലാ വിധത്തിലും സഹകരിക്കുകയും ചെയ്തു. എന്നാൽ മാർച്ച് 21ന്നുള്ള സന്ദർശന വിവരം കമ്പനിയെ അറിയിച്ചിരുന്നില്ല. രണ്ടു തവണയും ഞങ്ങൾ തദ്ദേശീയരുമായും സമര സമിതിക്കാരായും വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി.

മാർച്ച് 13ന് രാവിലെ 10.30 ന് കാതിക്കൂടത്തെത്തിയ ഞങ്ങൽ 5.30 വരെ അവിടെ തങ്ങുകയും ശേഖരിക്കാവുന്ന വിവരങ്ങളെല്ലാം ശേഖരിക്കുകയും ചെയ്തു. കാതിക്കൂടത്തെത്തിയപ്പോൾ വല്ലാത്തൊരു ദുർഗന്ധമാണ് ഞങ്ങളെ എതിരേറ്റത്. കമ്പനിക്കകത്തും സംഭരണ കേന്ദ്രത്തിലും ദുർഗന്ധം അസഹനീയമായിരുന്നു. എക്സിക്യൂട്ടീവ് ഡയറക്ടറും ജനറൽ മാനേജരും ഞങ്ങളെ ഹൃദ്യമായി സ്വീകരിക്കുകയും കമ്പനിയുടെ പ്രവർത്തനങ്ങളെല്ലാം വിശദീകരിക്കുകയും ചെയ്തു. 2008ന്നു ശേഷം മാലിന്യ സംസ്കരണത്തിന്നായി സ്വീകരിച്ചുവരുന്ന നടപടികൾ പ്രത്യേകം വിശദീകരിച്ചു.

എന്നാൽ ഞങ്ങളുടെ ചില സംശയങ്ങൾക്ക് മറുപടി പറയാൻ അവർക്കായില്ല. ചാലക്കുടി പുഴയിൽനിന്ന് വെള്ളമെടുക്കാനും മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കാനും ആരാണ് അനുമതി തന്നതെന്ന ചോദ്യത്തിന് മറുപടി കിട്ടിയില്ല. പുഴയിലേക്ക് ഭൂമിക്കടിയിലൂടെ കോൺക്രീറ്റ് പൈപ്പ് ലൈൻ ഇടാൻ അനുമതി വാങ്ങിയിട്ടുണ്ടോ, ഫാക്ടറിയിൽ നിർമ്മാണാവസാനത്തിൽ അവശേഷിക്കുന്ന ചളി വളമാണെന്ന് കാർഷിക സർവ്വകലാശാല സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ അതെവിടെയാണ്, മൃഗങ്ങളുടെ എല്ല് എവിടെനിന്നു കിട്ടുന്നു, ആരാണത് സപ്ലൈ ചെയ്യുന്നത്, മലിനജല ശുദ്ധീകരണം സംബന്ധിച്ച മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്, പാരിസ്ഥിതിക ആഘാത അവലോകനത്തിന്റെ കോപ്പി എവിടെയാണ് തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും മറുപടി ലഭിച്ചില്ല. ഒരാഴ്ചക്കകം എല്ലാ രേഖകളും തരാമെന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ് അവർ ചെയ്തത്. പക്ഷെ ഒരാഴ്ചക്കകമെന്നല്ല പിന്നീട് ചോദിച്ചപ്പോഴെല്ലാം അവർ ഒഴിഞ്ഞുമാറി.

കമ്പനിക്കകത്ത് ഫോട്ടോ എടുക്കാൻ അധികൃതർ അനുവദിച്ചില്ല. കമ്പനിയിലെ അപൂർവ്വം ചില ജീവനക്കാരൊഴിച്ചാരും ഞങ്ങളോട് സംസാരിക്കാൻ തയ്യാറായില്ല. സംസാരിക്കാൻതയ്യാറായ അപൂർവ്വം ചിലർ മുൻകൂട്ടി പരിശീലിപ്പിച്ച് നിർത്തിയിരിക്കുന്നവരാണെന്ന് അവരുടെ സംസാരത്തിൽനിന്ന് വ്യക്തമാകുകയും ചെയ്തു.

ഒരു ജീവനക്കാരന്റെ കാര്യം ഇവിടെ പ്രത്യേകം പരാമർശിക്കാതിരിക്കാനാവില്ല. അയാളുടെ പേർ ഫ്രാൻസിസ് എന്നാണെന്നു പറഞ്ഞു. ഞങ്ങളെ സഹായിക്കാനായി കമ്പനി ഉദ്യോഗസ്ഥന്മാർ പ്രത്യേകം പഠിപ്പിച്ച് നിർത്തിയിട്ടുള്ള ആളാണ് അയാളെന്നു തോന്നുന്നു. മലിനജലം, ചളി, മണ്ണ് എന്നിവയുടെ സാമ്പിൾ എടുത്തുതന്നത് അയാളാണ്. ശുദ്ധീകരിച്ച മലിനജലം പുഴയിലേക്കാണ് ഒഴുക്കുന്നത്. അത് തീർത്തും ശുദ്ധമാണെന്ന് ഞങ്ങളെ ബോധ്യപ്പെടുത്താനാണെന്നു തോന്നുന്നു, അതിൽനിന്ന് ഒരു കപ്പ് ജലമെടുത്ത് അയാൾ കുടിച്ചു. അതെ, ഞങ്ങളുടെ മുമ്പിൽവച്ച്, ഞങ്ങളാരും പറയാതെ തന്നെ അയാളത് കുടിച്ചു. ഞങ്ങൾ നടുങ്ങിപ്പോയി. ഞങ്ങൾക്ക് കഷ്ടം തോന്നുന്നു. അത് ഫ്രാൻസിസ് സ്വേഛാപൂർവ്വം ചെയ്തതാണെന്ന് ഞങ്ങൾ കരുതുന്നില്ല. ആരുടേയോ പ്രേരണയോ നിർബ്ബന്ധമോ അതിന്റെ പിന്നിലുണ്ട്.

കമ്പനിയിൽ ദിവസവും 8.77 ടൺ ഓസീനും 4.30 ടൺ കുമ്മായം ചേർത്ത ഓസീനും 41.84 ടൺ ഡൈകാൽസിയം ഫോസ്ഫേറ്റും ഉല്പാദിപ്പിക്കുന്നു. ഈ ഉല്പാദന പ്രക്രിയ കഴിയുമ്പോൾ ഏതാണ്ട് പത്തു ടൺ എല്ലുപൊടിയും ഏതാണ്ട് ഒരു ടൺ കൊഴുപ്പും കിട്ടും. ചാലക്കുടി പുഴയിൽനിന്ന് ഒരു പാട് വെള്ളം ഇവരെടുക്കുന്നുണ്ട്. ഇതു സംബന്ധിച്ച് കമ്പനി നൽകുന്ന കണക്കും ജനങ്ങൾ നൽകുന്ന കണക്കും പരസ്പരം പൊരുത്തപ്പെടുന്നില്ല. 60 കുതിരശക്തിയുടെ രണ്ടു മോട്ടോർ പുഴയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും അതിലൊന്ന് ദിവസം 24 മണിക്കൂറും പ്രവർത്തിക്കുമ്പോൾ രണ്ടു കോടി ലിറ്റർ വെള്ളം കമ്പനിയിലെത്തുമെന്നുമാണ് സമരക്കാർ പറയുന്നത്. ഏതാണ്ട് അത്രതന്നെ മലിനജലം ഉല്പാദന പ്രക്രിയ കഴിയുമ്പോൾ ബാക്കിയുണ്ടാകും. ഇത് പുഴയിൽ തട്ടിവിടുന്നു. നദീജലം ഉപയോഗിക്കുന്നവരെല്ലാം ഇതിന്റെ കെടുതി അനുഭവിക്കേണ്ടി വരും.

മലിന ജലത്തിന് വല്ലാത്ത ദുർഗന്ധമുണ്ട്. കമ്പനിയിലെ ജീവനക്കാർക്ക് എന്തെങ്കിലും രക്ഷാ നടപടി ഏർപ്പെടുത്തിയതായി കണ്ടില്ല. ഉല്പാദനാനന്തരം ശേഷിക്കുന്ന വസ്തുക്കൾ തങ്ങൾ ശാസ്ത്രീയമായാണ് കൈകാര്യം ചെയ്യുന്നതെന്നും മറ്റും കമ്പനിക്കാർ പറയുന്നുണ്ട്. ഉല്പാദനാനന്തരമുണ്ടാകുന്ന അവശിഷ്ടങ്ങൾ കമ്പനിക്കകത്തുതന്നെ കുഴിച്ചു മൂടുന്നതുകൊണ്ടാണെന്നു തോന്നുന്നു, കമ്പനിയിലെ ഭൂനിരപ്പ് ചുറ്റുമുള്ള പ്രദേശങ്ങളേക്കാൾ ഉയർന്നു പോയിട്ടുണ്ട്. ഈ പ്രദേശത്ത് പുതിയ മണ്ണിട്ട് പുല്ലു വച്ചുപിടിപ്പിക്കുന്നതായും കണ്ടു. കമ്പനിയുടെ മതിൽകെട്ടിന്നു ചുറ്റുമുള്ള പാടത്ത് ഇപ്പോൾ കൃഷി അസാധ്യമായിരിക്കുകയാണ്.



ചാലക്കുടി പുഴയിൽ നിറ്റാ ജലാറ്റിൻ കമ്പനി ഒഴുക്കുന്ന മാലിന്യം

ഞങ്ങൾ കമ്പനിയിൽ നിൽക്കുമ്പോൾ മാലിന്യങ്ങൾ നിറച്ച ട്രക്കുകൾ കൊണ്ടുപോകുന്നതുകണ്ടു. എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്നറിയില്ല. ആപൽക്കരമായ വസ്തുക്കൾ ദേശീയ പാതയിലൂടെ കൊണ്ടുപോകരുതെന്ന് നിയമമുണ്ട്. പക്ഷെ ഇതൊന്നും നോക്കാൻ ഇവിടെ ആരുമില്ല. കമ്പനിയിൽ ഉല്പാദനാനന്തരമുണ്ടാകുന്ന അവശിഷ്ടങ്ങൾ മീനച്ചിൽ ഏജൻസീസ് തുടങ്ങിയ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് കൈമാറുന്നുണ്ട്. അവരിതിൽ മറ്റെന്തെല്ലാമോ കൂട്ടിക്കലർത്തി മേത്തരം വളമാണെന്നു പറഞ്ഞ് കിലോവിന്ന് 15 ക. നിരക്കിൽ കർഷകർക്ക് നൽകുന്നു. കർഷകരാകട്ടെ എന്താണീ വളമെന്നറിയാതെ വയലുകളിൽ നിക്ഷേപിക്കുന്നു. ഈ കമ്പനി മൂലം നാടിന്നും നാട്ടുകാർക്കുമുണ്ടാകുന്ന മെച്ചം ശുഷ്കമാണെങ്കിലും ഇവർ വരുത്തിക്കൂട്ടുന്ന മാരണം ചില്ലറയല്ല.

കമ്പനി തുടങ്ങിയ അവസരത്തിൽ മാലിന്യ സംസ്കരണ സംവിധാനമൊന്നുമുണ്ടായിരുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരമാണെന്നു തോന്നുന്നു, പിന്നീട് ചില സംവിധാനങ്ങൾ ഉണ്ടാക്കുകയുണ്ടായി. ഇതു സംബന്ധിച്ച രേഖകളൊന്നും കാണാൻ കഴിഞ്ഞില്ല. എല്ല് ഉണക്കി ചതച്ചാണ് സംഭരിച്ചിരിക്കുന്നത്. ദുർഗന്ധത്തിന്റെ ഉറവിടം അതാണ്. എല്ല് ചതച്ച് സംഭരിച്ചിരിക്കുന്നതിനാൽ, അത്

കന്നുകാലികളുടെയാണോ മനുഷ്യരുടെയാണോ മറ്റേതെങ്കിലും ജീവിയുടെയാണോ എന്നൊന്നും അറിയാൻ മാർഗ്ഗമൊന്നുമില്ല.

കമ്പനിയിൽനിന്ന് പുഴയിലേക്ക് ഒരു ഭൂഗർഭ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. ഇത് നെൽപാടങ്ങളിലൂടേയും സ്വകാര്യ ഭൂമികളിലൂടേയും കടന്നു പോകുന്നു. ഈ പൈപ്പ് ലൈൻ ചെന്നവസാനിക്കുന്നത് പുഴയുടെ ഒത്തനടുക്കാണ്. ഭൂഗർഭത്തിലൂടെ പുഴയുടെ നടുവരെ പൈപ്പ് ലൈൻ ഇട്ടതെന്തിനാണ്? ആരിതിന്ന് അനുമതി നൽകി. കോഴിക്കോട്ട് മാവൂർ റയേൺസിന്റെ പൈപ്പ് ലൈനിലൂടെ വരുന്ന മാലിന്യങ്ങൾ പരിശോധിക്കാൻ അവിടെ സൗകര്യമുണ്ടായിരുന്നു. ഇവിടെ ചാലക്കുടി പുഴയിൽ എന്തെല്ലാമാണ് വന്നുചേരുന്നതെന്ന് അറിയാൻ മാർഗ്ഗമൊന്നുമില്ല. ഇതിന്നിവർ ആർക്കെങ്കിലും അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല; ആരെങ്കിലും അനുമതി നൽകിയതായും കാണുന്നില്ല.

ഈ മലിനീകരണത്തിന്നെതിരെ സമരം നടത്തുന്നവരെ കമ്പനിയുടെ ഏജന്റുമാർ നിരന്തരം ഭീഷണിപ്പെടുത്തുന്നു. പോലീസ് കാമ്പും കാതലുമില്ലാത്ത കേസുകൾ ചാർജു ചെയ്യുന്നു. ഗവർമ്മേണ്ടിനേയും പോലീസിനേയും സന്തോഷിപ്പിക്കാൻ കമ്പനിക്കാർ പാടുപെടുന്നുണ്ട്. സമരസമിതിയിൽ പെട്ടവരെ നക്ഷലുകളെന്നും മാവോയിസ്റ്റുകളെന്നും മറ്റും മുദ്രയടിക്കുന്നു.

കമ്പനിയെ മുൻകൂട്ടി അറിയിക്കാതെയാണ് മാർച്ച് 21ന്ന് ഞങ്ങൾ കാതിക്കൂടത്ത് എത്തിയത്. അകലെനിന്നുതന്നെ അസഹ്യമായ ദുർഗന്ധം അനുഭവപ്പെട്ടിരുന്നു. പുഴയിലേക്കുള്ള കോൺഗ്രീറ്റ് പൈപ്പിൽ ഒരിടത്ത് വിള്ളൽ കണ്ടു. ആ വിള്ളലിലൂടെ ചളി പുറത്തുവരുന്നുണ്ടായിരുന്നു. പൈപ്പ് അവസാനിക്കുന്ന ഭാഗത്ത് കറുത്ത വെള്ളമാണ് കണ്ടത്. പുഴയുടെ നടുവിൽ ചളി ഓളം വെട്ടുന്നുണ്ടായിരുന്നു. ഒരു കോലുകൊണ്ട് അത് ഇളക്കി നോക്കിയപ്പോൾ വെള്ളമാകെ കറുത്തുവെന്നല്ല കഠിനമായ ദുർഗന്ധവും ഉയർന്നു. അവിടെ ധാരാളം കുളവാഴ വളർന്നു നിൽക്കുന്നുണ്ട്. പുഴയിൽ മറ്റൊരിടത്തും കുളവാഴ കാണുകയുണ്ടായില്ല. കമ്പനിക്കാർ മനപൂർവ്വം കുളവാഴ അവിടെ കൊണ്ടുവന്നിട്ടതാണെന്ന് ജനങ്ങൾ പറയുന്നു. ഘന ലോഹങ്ങളെ ആഗിരണം ചെയ്യാൻ കുളവാഴക്ക് കഴിയുമെന്നതാണത്രെ അതിന്നു കാരണം.

പൈപ്പ് ലൈൻ അവസാനിക്കുന്നിടം മുതൽ അര കിലോമീറ്റർ ദൂരം വരെ കമ്പനിയിലെ മാലിന്യങ്ങൾ കാണുന്നുണ്ട്. കമ്പനിയുടെ മതിൽകെട്ടിന്റെ വടക്കുഭാഗത്തുള്ള വീടുകൾക്കാണ് ശല്യം ഏറ്റവുമധികം അനുഭവപ്പെടുന്നത്. അവരുടെ കിണറുകളിലെ വെള്ളം ഉപയോഗ ശൂന്യമായിട്ടുണ്ട്. കിണറുകളിലെ വെള്ളം ഒറ്റനോട്ടത്തിൽതന്നെ മലിനമായി കാണാം. വെള്ളത്തിന്റെ മീതെ മാലിന്യം പാട കെട്ടി നിൽപുണ്ട്.

കമ്പനി മൂലം ഉണ്ടാകുന്ന നാനാവിധ ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി നാട്ടുകാർ പരാതിപ്പെടുകയുണ്ടായി. കയ്യൂക്കും പണക്കൊഴുപ്പും ഉദ്യോഗസ്ഥ തലത്തിലെ സ്വാധീന ശക്തിയും ഉപയോഗിച്ച് എതിർപ്പിനെയെല്ലാം അമർത്തുകയാണവർ ചെയ്യുന്നത്. ഞങ്ങൾ വീണ്ടും തെളിവെടുപ്പിന്ന് എത്തിയ വിവരം കമ്പനിക്കാർ വളരെ വൈകിയേ അറിഞ്ഞുള്ളൂവെന്നു തോന്നുന്നു. നാലുമണിയോടുകൂടി ഒരു സംഘം ആളുകൾ വരികയും ഞങ്ങളെ ഭീഷണിപ്പെടുത്തുകയും ചെയ്തു.

കമ്പനിയുടെ തെക്കു പടിഞ്ഞാറു ഭാഗത്ത് താമസിക്കുന്ന തേലക്കാട്ട് ഷാജു ജോസഫിൽനിന്നാണ് ഞങ്ങൾക്ക് അവസാനമായി തെളിവെടുക്കേണ്ടിയിരുന്നത്. ഷാജു ജോസഫ് 1990-കളിലെ സമര നേതാവാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ പിതാവുമാണ് കമ്പനിയ്ക്കെതിരെ കേസുകൾ കൊടുത്തത്. എന്നാൽ ഷാജുവിനെ കമ്പനി വിലയ്ക്കെടുത്തു. അദ്ദേഹം കനത്ത ശമ്പളം വാങ്ങുന്ന തൊഴിലാളിയാണിന്ന്. അദ്ദേഹം ഇന്ന് ജനങ്ങളോടൊപ്പമില്ല. എന്നാൽ പ്രത്യക്ഷമായ എതിർപ്പിനും ഇല്ല. കമ്പനി പിരിച്ചുവിടുമോ എന്ന ഭീതിയാണ്. ഷാജുവിനോടൊപ്പം 90-കളിൽ സമരമുഖത്തുണ്ടായിരുന്ന പി.സി. ഗോപി കമ്പനിയുടെ എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ച് ഇന്നും ജനങ്ങളോടൊപ്പം ആക്ഷൻ കൗൺസിലിൽ ഉണ്ട്. ഞങ്ങൾ ഷാജുവിന്റെ വീട്ടിലെത്തിയപ്പോഴേക്കും ഇരുപതോളം പേർ ബൈക്കുകളിൽ അവിടെ എത്തി ഞങ്ങളെ അസഭ്യം പറയാൻ തുടങ്ങി. ഷാജു അവരെ സമാധാനിപ്പിക്കാൻ ശ്രമിച്ചിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ഞങ്ങൾ കമ്പനി മാനേജർക്ക് ഫോൺ ചെയ്തു.

കമ്പനിക്കാരുടെ അന്യായവും നിയമവിരുദ്ധവുമായ പ്രവർത്തനങ്ങളെപ്പറ്റി പിന്നീട് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ജനനീതിയുടെ അന്വേഷണ സംഘത്തിലുണ്ടായിരുന്നവരുടെ സ്ഥാനമാനങ്ങളെക്കുറിച്ചും യോഗ്യതയെക്കുറിച്ചുമെല്ലാം കമ്പനിക്കാർ വിശദവിവരങ്ങൾ ശേഖരിച്ചിരുന്നതായി ഞങ്ങൾ പിന്നീടറിഞ്ഞു. ❑

# സ്വകാര്യ മേഖലാ കമ്പനിക്ക് ഐ.എ.എസ്. ചെയർമാൻ!

മനോഹരമായൊരു ഗ്രാമമായിരുന്ന കാതിക്കൂടത്തെ ഇന്നത്തെ വിനാശകരമായ സ്ഥിതിയിലെത്തിച്ചതിന്ന് കേരള ഗവർമ്മേണ്ടിന്റെ വ്യവസായ വികസന കോർപറേഷനും കേരള മലിനീകരണ നിയന്ത്ര ബോർഡും ജപ്പാനിലെ നിറ്റ ജലാറ്റിൻ കമ്പനിയും ഒരുപോലെ ഉത്തരവാദികളാണ്. നിയമത്തേയും പാരിസ്ഥിതിക പ്രശ്നങ്ങളേയും വെറും സദാചാരത്തെപ്പോലും ധ്വംസിക്കുന്ന നടപടികളാണ് ഇവർ പത്തുവെള്ളിക്കാശിന്നു വേണ്ടി സ്വീകരിച്ചിരിക്കുന്നത്.

കമ്പനിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യാവശിഷ്ടങ്ങൾ ആപൽക്കരമായ പദാർത്ഥങ്ങളുടെ ഗണത്തിൽ പെടുമെന്ന് സുപ്രീം കോടതിയുടെ മോണിട്ടറിങ് കമ്മിറ്റി 2006 ൽ തന്നെ കണ്ടെത്തിയിരുന്നു. കമ്പനിക്കാർ 2008 ജൂൺ 18ന്ന് കാർഷിക സർവ്വകലാശാലക്കയച്ച ഒരു കത്തിൽതന്നെ ഇക്കാര്യം സമ്മതിച്ചിട്ടുമുണ്ട്. ആപൽക്കരമായ മാലിന്യാവശിഷ്ടം സംബന്ധിച്ച 1989 ലെ നിയമത്തിൽനിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് കമ്പനി ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഏതായാലും നിയമത്തിൽനിന്ന് ഒഴിവു നൽണമെങ്കിൽ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി കാര്യാലയവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡുമാണ് അതു ചെയ്യേണ്ടതെന്നും, അവരെ സമീപിക്കാനും സുപ്രീം കോടതിയുടെ മോണിട്ടറിങ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ആരെയെങ്കിലും സമീപിച്ചതായോ നിയമത്തിൽനിന്ന് ഒഴിവു നൽകിയതായോ കാണുന്നില്ല; കമ്പനി പറയുന്നുമില്ല.

കമ്പനിയുടെ നിർദ്ദേശപ്രകാരം കമ്പനിയും കാർഷിക സർവ്വകലാശാലയും തമ്മിൽ ഒരു കരാറുണ്ടാക്കിയിട്ടുണ്ട്. കമ്പനിയുടെ മാലിന്യാവശിഷ്ടങ്ങൾ വളമായി ഉപയോഗിക്കാമോ എന്നതിനെപ്പറ്റി ഗവേഷണം നടത്താനുള്ളതാണ് കരാർ. മാലിന്യാവശിഷ്ടം കാർഷിക സർവ്വകലാശാലയിൽ എത്തിച്ചുകൊടുത്തത് കമ്പനി തന്നെയാണ്. ഇത് നിയമ വിരുദ്ധമാണ്. കമ്പനി കൊണ്ടുവന്നത് മാലിന്യാവശിഷ്ടം തന്നെയാണെന്നതിന്ന് എന്താണ് ഉറപ്പ്.

ഇത്തരം ഗവേഷണ പരിപാടികൾക്ക് കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞന്മാർ നേരിട്ടുപോയി സാമ്പിൾ ശേഖരിക്കേണ്ടതുണ്ട്.

2008 ജനുവരിയിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിറ്റ ജലാറ്റിൻ കമ്പനിയിലെ മാലിന്യാവശിഷ്ടങ്ങളെ ആപൽക്കരമായ ഗണത്തിൽനിന്ന് സോപാധികം ഒഴിവാക്കി. ഈ മാലിന്യങ്ങൾ ഭക്ഷ്യവിളകൾക്ക് ഉപയോഗിക്കരുത് എന്നായിരുന്നു ഉപാധി. ഒരു വളം ഭക്ഷ്യവിളകൾക്കാണോ ഉപയോഗിച്ചത് എന്നറിയാൻ എന്താണൊരു വിദ്യ? അതിന്നും പുറമെ 2008 ജൂൺ 18ന്ന് കമ്പനി കാർഷിക സർവ്വകലാശാലക്കയച്ച ഒരു കത്തിൽ തങ്ങളുടെ മാലിന്യങ്ങൾ ഭക്ഷ്യവിളകൾക്കും ഉപയോഗിച്ചു വരുന്നതായി കമ്പനിതന്നെ സമ്മതിച്ചിട്ടുമുണ്ട്.

കോടതിയിലെത്തിയ എല്ലാ കേസുകളിലും തങ്ങൾക്കനുകൂലമായ വിധിയുണ്ടായിട്ടുണ്ടെന്ന് നിറ്റ ജലാറ്റിൻ കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വാസ്തവം അതല്ല. ഇരിങ്ങാലക്കുട മുൻസിഫ് കോടതിയും ചാലക്കുടി മുൻസിഫ് കോടതിയും കമ്പനിക്കെതിരായി വിധി പ്രസ്താവിച്ചിട്ടുണ്ട്. കേരള ഹൈക്കോടതി 2009 ജൂലായ് 27ന്നു പുറപ്പെടുവിച്ച കല്പനയിൽ ഗ്രാമ പഞ്ചായത്തിന്റെ വ്യവസ്ഥകളനുസരിച്ചേ പ്രവർത്തിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതേസമയം പഞ്ചായത്തിന്റ നിയമങ്ങളും വ്യവസ്ഥകളുമെല്ലാം കമ്പനി തുടർച്ചയായി ലംഘിച്ചുവരുന്നു.

ആദ്യം മുതൽക്കേ തങ്ങൾ എല്ലാനിയമങ്ങളും വ്യവസ്ഥകളും പാലിച്ചുവരുന്നുണ്ടെന്ന കമ്പനിയുടെ അവകാശവാദം പൊള്ളയാണെന്ന് തെളിയിക്കുന്ന രേഖകൾ പലതുണ്ട്. കമ്പനി പൂട്ടിക്കും എന്നുതാക്കീത് നൽകിക്കൊണ്ട് 2008 മാർച്ച് 29ന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് അയച്ച നോട്ടീസൊന്നു വായിച്ചാൽ കമ്പനി കാണിക്കുന്ന വിക്രമങ്ങൾ വ്യക്തമാകും. ഞങ്ങൾ ആവശ്യപ്പെട്ട ചില രേഖകൾ കാണിച്ചു തരാൻ കമ്പനി വിസമ്മതിച്ചതിനെത്തുടർന്ന് ഞങ്ങൾ വിവരാവകാശനിയമ പ്രകാരം കേരള വ്യവസായ വികസന കോർപറേഷന്ന് ഒരു കത്തയച്ചു. അവരത് നീറ്റ കമ്പനിക്കയച്ചു. 2010 മേയ് 13ന്ന് ഞങ്ങൾക്ക് കോർപറേഷനിൽനിന്നും ഒരു കത്ത് കിട്ടി. നീറ്റ കമ്പനി വിവരാവകാശ നിയമത്തിന്റെ കീഴിൽ വരില്ലെന്നാണതിൽ പറഞ്ഞിരുന്നത്. നിയമത്തെക്കുറിച്ചുള്ള അജ്ഞത ഒരു ന്യായീകരണമല്ല. പക്ഷെ അത്ര ലഘുവായി തള്ളരുത്. ഇന്ത്യൻ നിയമമൊന്നും തങ്ങൾക്ക് ബാധകമല്ല എന്നാണോ നിറ്റാ കമ്പനി പറയുന്നത്.

വ്യവസായ വികസന കോർപറേഷനിലെ അപ്പീൽ അഥോറിറ്റിക്ക് ഞങ്ങൾ എഴുതിയതിന്നുള്ള മറുപടി 2010 ജൂൺ 18ന്നാണ് ഞങ്ങൾക്ക് കിട്ടിയത്. നീറ്റ ഒരു സ്വകാര്യ കമ്പനിയാണെന്നും, വ്യവസായ വികസന കോർപറേഷന്ന് അതിൽ കാര്യമൊന്നുമില്ലെന്നുമാണ് അപ്പീൽ അഥോറിറ്റിയായ മാനേജിങ് ഡയറക്ടർ അൽക്കേശ് ശർമ്മ (ഐ.എ.എസ്) എഴുതിയിരിക്കുന്നത്. കേരള വ്യവസായ വികസന കോർപ്പറേഷനും ജപ്പാനിലെ നിറ്റ ജലാറ്റിൻ കമ്പനിയും ചേർന്ന് സംയുക്ത മേഖലയിൽ സ്ഥാപിച്ച കമ്പനിയാണിതെന്ന് ഓർക്കണം. ഈ കമ്പനിയിലെ ഓഹരിയിൽ അധികവും വ്യവസായ വികസന കോർപറേഷന്നാണെന്നും ഓർക്കണം. കേരള ഗവർമ്മേണ്ടിൽ അഡീഷനൽ ചീഫ് സെക്രട്ടറിയായ ടി. ബാലകൃഷ്ണൻ (ഐ.എ.എസ്) ആണ് കമ്പനിയുടെ ചെയർമാനെന്നും ഓർക്കണം. കമ്പനിയുടെ പുതിയൊരു ഉല്പന്നം വിപണിയിലിറക്കുന്നതു സംബന്ധിച്ച് ഈയിടെ കൊച്ചിയിൽ പത്രസമ്മേളനം നടത്തിയത് ഇദ്ദേഹമാണെന്ന് ഓർക്കണം.

* എന്നിട്ടും പറയുന്നു ഇതൊരു സ്വകാര്യ കമ്പനിയാണെന്ന്!

* ആ പറയുന്നത് ഒരു സീനിയർ ഗവർമ്മേണ്ട് സെക്രട്ടറിയും!

* എന്നു മുതൽക്കാണ് ഗവ. സെക്രട്ടറിമാർ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ നടത്താൻ തുടങ്ങിയത്?

മാലിന്യ പരിശോധന നടത്തേണ്ട ഏജൻസികളാണ് മലിനീകരണ നിയന്ത്രണ ബോർഡും കേരള കാർഷിക സർവ്വകലാശാലയും. നിറ്റ കമ്പനി ഇക്കാലമത്രയും ഇവരെ കബളിപ്പിച്ചു വരികയായിരുന്നുവെന്നുവേണം അനുമാനിക്കാൻ.

കമ്പനിയുടെ ആരംഭകാലം മുതൽ രണ്ടു കാര്യത്തിലായിരുന്നു ജനങ്ങൾക്ക് എതിർപ്പുണ്ടായിരുന്നത്. (1) വെള്ളത്തിൽ ഘന ലോഹങ്ങളുടെ സാന്നിധ്യം (2) ചാലക്കുടി നദിജല മലിനീകരണം. ഈ രണ്ടു കാര്യത്തിലും ഒരു പരിശോധന നടത്താൻ കമ്പനി ഒരിക്കലും തയ്യാറായിട്ടില്ല. 2009 ഏപ്രിൽ 15 ലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒരു പരീക്ഷണഫലം ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. അപ്രസക്തമായ കാര്യങ്ങളാണ് അതിലുള്ളത്. ഇത് സമർത്ഥമായ ഒരു തന്ത്രമാണെന്നുവേണം അനുമാനിക്കാൻ. "ഇതുകണ്ടുവോ? മലിനീകരണ നിയന്ത്രണ ബോർഡ് ക്ലീൻ സർട്ടിഫിക്കറ്റ് തന്നിരിക്കുന്നു" എന്നു പറയാൻ വേണ്ടിയുള്ളതാകണം ഇത്. വെള്ളത്തിൽ ഘന ലോഹങ്ങളുണ്ടോ, പുഴയിലെ വെള്ളം മലിനമായിട്ടുണ്ടോ എന്നീ അടിസ്ഥാനപരമായ കാര്യങ്ങൾ മാത്രം പരീക്ഷണ വിധേയമാക്കിയിട്ടില്ല.

2009 ആഗസ്റ്റ് പത്തിന്ന് കൊച്ചി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനായ ഡോ. എൻ. ചന്ദ്രമോഹൻകുമാർ, കേരള മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയറായ ഡി. ചിത്രകുമാരി, വ്യവസായി എം. അശോക്, പുഴ സംരക്ഷണ സമിതി, പൗരസ്വാതന്ത്ര്യ സമര സമിതി തുടങ്ങിയവയുടെ പ്രതിനിധികളുമടക്കം ഒരു ഏഴംഗ വിദഗ്ധ സമിതി കമ്പനി സന്ദർശിച്ച് ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. മലിനീകരണ നിയന്ത്രണ ബോർഡ് പലതവണ ആവശ്യപ്പെട്ടിട്ടും മാലിന്യ സംസ്കരണ പരിപാടി ശരിക്കു നടത്തുന്നില്ലെന്ന് അതിൽ കുറ്റപ്പെടുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണശേഷി വർധിപ്പിക്കാതെ ഉല്പാദനം വർധിപ്പിച്ചിട്ടുള്ളതായും അതിൽ പറയുന്നു. കമ്പനി മാനേജ്മെന്റ് പറയുന്ന പലതും പൊരുത്തപ്പെടുന്നില്ലെന്നും പുഴയിൽനിന്ന് വെള്ളം എടുക്കുന്ന സ്ഥലത്തും പുഴയിലേക്ക് വെള്ളം വിടുന്ന സ്ഥലത്തും മീറ്റർ സ്ഥാപിക്കണമെന്നും അതിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ കമ്പനി ഇതൊക്കെ പാടെ അവഗണിച്ചിരിക്കുകയാണ്.

ഞങ്ങൾക്കാരോടെങ്കിലും പ്രത്യേകിച്ച് മമതയോ വൈരാഗ്യമോ ഇല്ല. ജനങ്ങളുടെ നിരന്തരമായ പരാതികളുടെ നിജസ്ഥിതി അറിയലാണ് ഈ പഠനത്തിന്റെ പ്രധാന ഉദ്ദേശം.

നിറ്റാ ജലാറ്റിൻ കമ്പനിയുടെ ഇന്നത്തെ പ്രവർത്തന രീതി വിനാശകരമായിത്തീരുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. കാതിക്കൂടം മറ്റൊരു ദുരന്തമായി കലാശിക്കാതിരിക്കണമെങ്കിൽ ഗർമ്മേണ്ടും ജനങ്ങളും സത്വര നടപടികളെടുക്കേണ്ടതുണ്ട്. സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തണം. ശാസ്ത്രജ്ഞന്മാരും പൗര മുഖ്യരുമടങ്ങിയ ഒരു കമ്മിറ്റി ഇതിന്റെ പ്രവർത്തനം നിരീക്ഷിക്കണം. തീരുമാനങ്ങളെടുക്കുന്നതിലും അവ നടപ്പാക്കുന്നതിലും ഫലപ്രദമായ ജനപങ്കാളിത്തം ആവശ്യമാണ്. രാസവസ്തുക്കൾ സംബ്ധിച്ച 1996 ലെ നിയമപ്രകാരം അടിയന്തര സേവനത്തിന്നായി ജില്ലാതലത്തിലും പ്രാദേശിക തലത്തിലും സംവിധാനങ്ങളുണ്ടാക്കണം.

വ്യാവസായിക അപകടങ്ങൾക്കിരയാകുന്നവർക്ക് മതിയായ നഷ്ടപരിഹാരം

# നിയമത്തിന്നതീതമായവർ ഇന്ത്യയിൽ വേണ്ട

1984 ഡിസംബറിൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കമ്പനിയിൽ വിഷവാതകം ചോർന്ന് 25,000 പേർ മരിച്ചു. ഹിറ്റ്ലർ ജൂതരെ കൊന്നതുപോലെ. എന്നിട്ടവർ പറയുന്നു, ഇന്ത്യൻ നിയമം തങ്ങൾക്ക് ബാധകമല്ലെന്ന്. ഇപ്പോഴിതാ നിറ്റാ ജലാറ്റിനും അതുതന്നെ പറയുന്നു. കേരള കെമിക്കൽസ് എന്ന പേരു മാറ്റി നിറ്റാ ജലാറ്റിൻ എന്നാക്കിയതിന്റെ കാരണംതന്നെ യൂണിയൻ കാർബൈഡിനെ അനുകരിക്കാനാകണം. നാളെ ടാങ്ക് പൊട്ടി ആസിഡ് മുഴുവൻ നാട്ടിലാകെ നാശം വിതച്ചാലും നിറ്റാ ജലാറ്റിന്നും പറയാം ഇന്ത്യൻ നിയമം തങ്ങൾക്ക് ബാധകമല്ലെന്ന്!

കാതിക്കൂടത്ത് പടുകൂറ്റൻ ടാങ്കുകളിലായി മുപ്പത് ലക്ഷം ലിറ്റർ ഹൈഡ്രോക്ലാറിക് ആസിഡാണ് ശേഖരിച്ചു വച്ചിരിക്കുന്നത്. കമ്പനിക്ക് ദിവസേന 120,000 ലിറ്റർ ആസിഡ് വേണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തിന്റെ നടുവിലാണ് ഇത്രയേറെ ആസിഡ് ശേഖരിച്ചു വച്ചിരിക്കുന്നത്. കാതിക്കൂടത്തെ ജനങ്ങൾക്ക് മര്യാദക്ക്, സമാധാനപൂർവ്വം ഒന്നുറങ്ങാൻ പോലും സാധ്യമല്ല. ദിവസവും 1,20,000 ലിറ്റർ ഹൈഡ്രോക്ലോറിക്കാസിഡാണ് ഈ കമ്പനിയിൽ ഉല്പാദന പ്രക്രിയക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

കൊക്കൊകോള കമ്പനിയുടേയും നിററ ജലാറ്റിൻ കമ്പനിയുടേയും പ്രവർത്തനങ്ങളിൽ പല സമാനതകളും കാണാം. രാജ്യത്ത് നിലവിലുള്ള നിയമങ്ങളെ അനാദരിക്കൽ, തദ്ദേശീയ ഭരണാധികാരികളുടെ നിയമങ്ങളേയും നിയന്ത്രണങ്ങളേയും ധ്വംസിക്കൽ, നഗ്നസത്യങ്ങളെ കണ്ണുമടച്ച് നിഷേധിക്കൽ, സമരസമിതി അംഗങ്ങളെ ദ്രോഹിക്കൽ, കള്ളക്കേസുണ്ടാക്കി അറസ്റ്റ് ചെയ്യിക്കൽ, കോടതികളെ തെറ്റിധരിപ്പിക്കൽ, പോലീസിനേയും ഭരണാധികാരികളേയും കൈക്കോഴ കൊടുത്ത് പാട്ടിലാക്കൽ പത്രക്കാരെ കബളിപ്പിക്കൽ എന്നിവയെല്ലാം കൊക്കകൊളക്കാരും നീറ്റ ജലാറ്റിനും നിർലോഭം ഉപയോഗിക്കുന്ന കരുക്കളാണ്.

പ്ലാച്ചിമടയിലെ ജനങ്ങൾക്കും പരിസ്ഥിതിക്കും വരുത്തിക്കൂട്ടിയ നാശനഷ്ടങ്ങളെപ്പറ്റി അന്വേഷിക്കാൻ കേരള ഗവർമ്മേണ്ട് നിയോഗിച്ച ഉന്നതാധികാര സമിതിയുമായി കൊക്കക്കോള കമ്പനി സഹകരിച്ചില്ല. ഈ കമ്മിറ്റി നിയമവിരുദ്ധമാണെന്നും കമ്മിറ്റിയുടെ തീരുമാനങ്ങളൊന്നും തങ്ങളെ ബാധിക്കില്ലെന്നും പറയാനുള്ള ധിക്കാരംവരെ കൊക്കകോള കമ്പനി കാണിക്കുകയുണ്ടായി. കോള കമ്പനി ഇന്ത്യയിലെ ഒട്ടേറെ നിയമങ്ങൾ ലംഘിച്ചതായി കമ്മിറ്റി കണ്ടെത്തി. 1974 ലെ ജലനിയമം, 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമം, 1948 ലെ ഫാക്ടറി നിയമം, 1989 ലെ ആപൽക്കര മാലിന്യ നിയമം, 1989ലെ പട്ടികജാതി-പട്ടികവർഗ്ഗ നിയമം, 1967 ലെ ഭൂവിനിയോഗ നിയമം; ഭൂഗർഭ ജലനിയമം എന്നിയിലെ വ്യവസ്ഥകളെല്ലാം കോളകമ്പനി ധ്വംസിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. പ്ലാച്ചിമടയിലെ വെള്ളം മുഴുവൻ മലിനമാക്കപ്പെട്ടിട്ടുണ്ടെന്നും അത് ഉപയോഗിക്കരുതെന്നും 2003 ൽ തന്നെ ജില്ലാ മെഡിക്കൽ ഓഫീസർ ജനങ്ങൾക്ക് മുന്നറിയിപ്പു നൽകിയിരുന്നതാണ്. പ്ലാച്ചിമട പ്രദേശത്തുനിന്ന് ശേഖരിച്ച കാലിതീറ്റ, പാൽ, മാംസം, മുട്ട എന്നിവയുടെ സാമ്പിളുകളിൽ കാഡ്മിയം, ഈയം, ക്രോമിയം എന്നിവ ലോകാരോഗ്യ സംഘടന അനുവദനീയമെന്നു വിധിച്ചതിലും കൂടുതലാണെന്ന് കേരള കാർഷിക സർവ്വകലാശാലയും കണ്ടെത്തിയിരുന്നു.

കോള കമ്പനിയുടെ കാര്യത്തിൽ കമ്മിറ്റി കണ്ടെത്തിയതെല്ലാം നിറ്റ ജലാറ്റിൻ കമ്പനിക്കും ബാധകമാണ്. കോള കമ്പനി ഭൂഗർഭജല മലിനീകരണം നടത്തിയിട്ടുണ്ടെന്നും അത് പൂർവ്വ സ്ഥിതിയിലാകാൻ അനേകം വർഷം പിടിക്കുമെന്നും കമ്മിറ്റി കണ്ടെത്തി. ഭൂഗർഭ ജലം ക്രമാതീതമായി എടുത്തുവെന്നതിന്നു പുറമെ ഫാക്ടറിയിൽ നിന്നുള്ള മലിനീകരണം പ്രതിസന്ധിയെ മൂർഛിപ്പിച്ചിട്ടുമുണ്ട്. മാലിന്യത്തിലൊരു ഭാഗം ഫാക്ടറിക്കകത്തു തന്നെ കുഴിച്ചുമൂടിയിരിക്കുകയാണ്. കുറെ മാലിന്യങ്ങൾ ലോറികളിൽ എവിടെയെല്ലാമോ നിക്ഷേപിച്ചിട്ടുണ്ട്. ഈ മാലിന്യം നല്ല വളമാണെന്നു പറഞ്ഞ് കർഷകരെ കബളിപ്പിച്ചിരിക്കുകയാണ്. ഇതിൽ നൈട്രജൻ ഇല്ലെന്നല്ല, കാഡ്മിയവും ഈയവും കൂടിയ തോതിലുണ്ടുതാനും. മണ്ണിൽ കാഡ്മിയം വർധിക്കുമ്പോൾ അത് കിണറുകളിലേക്ക് ഒലിച്ചിറങ്ങുന്നു. മുമ്പ് നല്ല കൃഷിഭൂമിയായിരുന്ന പ്രദേശത്തെ മണ്ണ് ഇപ്പോൾ നശിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ കൊക്കകോള കമ്പനിക്കാര്യത്തിലുള്ള ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾ നിറ്റ ജലാറ്റിൻ കമ്പനിക്കും ബാധകമാകേണ്ടതാണ്. കമ്പനിയുടെ ചുറ്റുപാടും ജീവിക്കുന്നവരെയാണ് മലിനീകരണം ഏറ്റവുമധികം ബാധിച്ചിട്ടുള്ളത്. വളമെന്ന നിലക്ക് മാലിന്യങ്ങൾ നിക്ഷേപിച്ചത് മണ്ണിനേയും നിർഗുണമാക്കി.

യൂണിയൻ കാർബൈഡും കൊക്കക്കോളയും നമ്മെ ചില പാഠങ്ങൾ പഠിപ്പിച്ചു. അതിനാൽ നമ്മുടെ നാട്ടിലെ വിദേശ മൂലധന നിക്ഷേപങ്ങളെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇന്നാട്ടിലെ നിയമം തങ്ങൾക്ക് ബാധകമല്ല എന്ന നിലപാട് തുടരുകയാണെങ്കിൽ നിറ്റ കമ്പനിയെ ഇവിടെ തുടരാൻ അനുവദിക്കേണ്ട കാര്യമില്ല. ❑

---

നൽകാനുള്ള വ്യവസ്ഥകൾ ഉൾപ്പെട്ട നിയമനിർമ്മാണം ആവശ്യമാണ്. വ്യാവസായിക സ്ഥാപനങ്ങൾ ശരിക്കു പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ അച്ചടക്ക നടപടിക്ക് വ്യവസ്ഥ വേണം. ആരോഗ്യത്തിന്ന് ആപൽക്കരമായ പദാർത്ഥങ്ങൾ ഉപയോഗിച്ച് പാരിസ്ഥിതിക മലിനീകരണമുണ്ടാക്കുന്നതു സംബന്ധിച്ച പരാതികൾ കേട്ട് തീർപ്പു കല്പിക്കാൻ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അധ്യക്ഷനായുള്ള ഒരു ഓംബുഡ്സ്മാൻ സംഘടിപ്പിക്കണം.

കാതിക്കൂടം ഫാക്ടറി ആരംഭം മുതൽ ഇന്നുവരെയുണ്ടാക്കിയ പാരിസ്ഥിതിക മലിനീകരണം അവലോകനം ചെയ്യാനും ജനങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം വിധിക്കാനും ഒരു ഉന്നതാധികാര കമ്മിറ്റിയെ നിയമിക്കണം. കാതിക്കൂടം ഫാക്ടറിയിൽനിന്ന് രണ്ടര കിലോമീറ്റർ ദൂരംവരെയുള്ള പ്രദേശത്ത് സമഗ്രമായൊരു ആരോഗ്യ സർവ്വേ നടത്താൻ ഒരു മെഡിക്കൽ സംഘത്തെ നിയോഗിക്കണം. മാലിന്യ ശുദ്ധീകരണത്തിന്നായി കമ്പനി ഒരുതരം ബാക്ടീരിയയെ ഉപയോഗിച്ചുവരുന്നതിനാൽ അതിലെത്രത്തോളം വിഷാംശമുണ്ടെന്ന് ഒരു പഠനം നടത്തണം.

മാലിന്യാവശിഷ്ടങ്ങൾ ആപൽക്കരമാണോ എന്നും അതിൽ വളാംശമുണ്ടോ എന്നും വിലയിരുത്തുന്നതിന്ന് പ്രാപ്തമായ ഒരു സംഘത്തെ നിയോഗിക്കണം. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ വളമെന്ന പേരിൽ മാലിന്യങ്ങൾ വിറ്റഴിക്കുന്നത് നിർത്തണം. ❑

## ജനനീതിയുടെ സംഘാംഗങ്ങൾ

കാതിക്കൂടത്തെ മലിനീകരണത്തെപ്പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ട വിദഗ്ധ സംഘത്തിലെ അംഗങ്ങൾ

1. അഡ്വ. ജോർജ് പുലികുത്തിയിൽ - ജനനീതി എക്സിക്യൂട്ടീവ് ഡയറക്ടർ
2. ഡോ. ജിജി ജോസഫ് - റാന്നി സെന്റ് തോമസ് കോളേജിലെ സുവോളജി ലക്ച്ചറർ
3. ഡോ. ജോർജ് മാത്തൻ - കാർഷിക സർവ്വകലാശാല റിട്ടയേർഡ് പ്രൊഫസർ
4. എഞ്ചിനീയർ പോൾ ജോസഫ് കാട്ടൂക്കാരൻ - ചാർട്ടേർഡ് എഞ്ചിനീയർ FIE
5. പ്രൊഫ. എൻ.എൻ. ഗോകുൽ ദാസ് - റിട്ടയേർഡ് ബയോളജി പ്രൊഫസർ
6. അഡ്വ. പി. പ്രമോദ് - ജനനീതി ഡയറക്ടർ ബോർഡ് മെമ്പർ
7. അഡ്വ. പി. സുനിൽകുമാർ - ജനനീതി ലോ ഓഫീസർ
8. അജയകുമാർ മേൽവീട്ടിൽ - ഫോട്ടോഗ്രാഫി, ഡോക്യുമെന്റേഷൻ

**സാങ്കേതികോപദേഷ്ടാക്കൾ**

1. ഡോ. ഫ്രാൻസിസ് സേവിയർ - കാർഷിക സർവ്വകലാശാല പ്രൊഫസർ
2. ഡോ. ദേവകി ഗിരിജ - കാർഷിക സർവ്വകലാശാല പ്രൊഫസർ

**ശേഖരിച്ച സാമ്പിളുകളുടെ ശാസ്ത്രീയ വിശകലനം**

ഡോ. പി. സുരേഷ് കുമാർ - കാർഷിക സർവ്വകലാശാല പ്രൊഫസർ

**സാങ്കേതിക സഹായം**

1. സുരേഷ് ബാബു എം.എൻ. - ജനനീതി ഇൻസ്റ്റിട്യൂട്ട്
2. മിസ്. ഭദ്ര ആർ. മേനോൻ - ക്രൈസ്റ്റ് ലോ സ്കൂൾ, ബാംഗളൂർ
3. ബാലു എം. നായർ - നാഷനൽ യൂണിവേഴ്സിറ്റി ഓഫ് ജുറിഡിക്കൽ സയൻസസ്, ബംഗാൾ

*കൂടുതൽ വിവരങ്ങൾക്ക്;*


**ജനനീതി ഇൻസ്റ്റിട്യൂട്ട്**
പോസ്റ്റ് ബോക്സ് നമ്പർ 8, മണ്ണുത്തി പി.ഒ. തൃശൂർ - 680651.
ഫോൺ - 0487 2373479 ഫാക്സ് - 0487 2373281
E-mail - gpneethi@sancharnet.in / geopuli@jgmail.com
Website- www.jananeethi.org


# ആസ്ട്രേലിയയിലെ ഒന്നാമത്തെ വനിതാ പ്രധാനമന്ത്രി


ജൂലിയ ഗില്ലാർഡ

ശബ്ദ വേഗത്തിലായിരുന്നു സംഭവ വികാസങ്ങൾ. 2007ലെ പൊതു തിരഞ്ഞെടുപ്പിൽ ലേബർ പാർട്ടിയെ വിജയത്തിലേക്കു നയിച്ച റൂഡ് ജൂൺ 23ന് രാജിവച്ചു; ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന ജൂലിയ ഗില്ലാർഡ് ജൂൺ 24ന് പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

അന്തരീക്ഷ താപനം സംബന്ധിച്ച കാര്യങ്ങളിലും അമിതലാഭമുണ്ടാക്കുന്നവർക്ക് കൂടുതൽ നികുതി ചുമത്തുന്ന കാര്യത്തിലും മറ്റും ഭരണകക്ഷിയായ ലേബർ പാർട്ടിയിൽ കുറച്ചുകാലമായി തർക്കങ്ങളുണ്ടായിരുന്നു. റൂഡ് രാജിവച്ചൊഴിയണമെന്ന് ലേബർ പാർട്ടിയിലെ ഇടതുപക്ഷക്കാരിയായ ജൂലിയ ജൂൺ 23ന് ആവശ്യപ്പെട്ടു. ആദ്യം അൽപം മടിച്ചുവെങ്കിലും, ഭൂരിപക്ഷം ജൂലിയയെ അനുകൂലിക്കുന്നവരാണെന്നറിഞ്ഞപ്പോൾ റൂഡ് മൽസരിക്കാനൊന്നും നിന്നില്ല. പുതിയ ഗവർമ്മേണ്ടിന്ന് തന്റെ എല്ലാവിധ പിന്തുണയുമുണ്ടാകുമെന്ന് റൂഡ് ഉറപ്പു നൽകിയിട്ടുമുണ്ട്.

ഒരു വനിത ആസ്ട്രേലിയയിൽ പ്രധാനമന്ത്രി പദത്തിലെത്തുന്നത് ഇതാദ്യമാണ്. 1962ൽ ബ്രിട്ടനിലെ വെയിൽസിൽ ജനിച്ച ജൂലിയ മാതാപിതാക്കളോടൊപ്പം 1966 ലാണ് ആസ്ട്രേലിയയിൽ കുടിയേറി പാർക്കുന്നത്. നിയമ ബിരുദം നേടിയിട്ടുള്ള അവർ കുറച്ചുകാലം വക്കീൽമാരുടെ ഒരു കമ്പനിയിൽ സേവനമനുഷ്ഠിച്ചു. 1998 ലാണ് അവർ ആദ്യമായി പാർലിമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

ലോകരാഷ്ട്രങ്ങൾക്കിടയിൽ ഭരണസാരഥ്യം വഹിക്കുന്ന പ്രധാനപ്പെട്ട വനിതകൾ -

അർജന്റീന - ക്രിസ്റ്റീന കിർച്ചനർ (പ്രസിഡണ്ട്) 2007 മുതൽ
ബംഗളദേശം - ഷേഖ് ഹസീന (പ്രധാനമന്ത്രി) 2009 മുതൽ
കോസ്റ്ററിക്ക - ലോറ ചിഞ്ചില്ല (പ്രസിഡണ്ട്) 2010 മുതൽ
ഫിൻലാന്റ് - തർജ ഹലോനെൻ (പ്രസിഡണ്ട്) 2000 മുതൽ
ഫിൻലാന്റ് - മേരി കിവീനിമി (പ്രധാനമന്ത്രി) 2000 മുതൽ
ജർമ്മനി - ഏഞ്ചല മെൽക്കൽ (ചാൻസലർ) 2005 മുതൽ
ഐസ്ലാന്റ് - ജോഹന്ന (പ്രധാനമന്ത്രി) 2009 മുതൽ
ഇന്ത്യ - പ്രതിഭ പാട്ടീൽ (പ്രസിഡണ്ട്) 2007 മുതൽ
അയർലാൻഡ് - മേരിമക് ആലീസ് (പ്രസിഡണ്ട്) 1997 മുതൽ
കിർഗിസ്ഥാൻ - റോസ ഒടുംബയേവ (പ്രസിഡണ്ട്) 2010 മുതൽ
ലൈബീരിയ - എലൻ ജോൺസൻ (പ്രസിഡണ്ട്) 2005 മുതൽ
ലിത്വേനിയ - ദാലിയ ഗ്രിബോ സ്കൈറ്റ് (പ്രസിഡണ്ട്) 2009 മുതൽ
ഫിലിപൈൻസ് -ഗ്ലോറിയ അരോയോ (പ്രസിഡണ്ട്) 2004 മുതൽ
സ്വിറ്റ്സർലന്റ് - ഡോറിസ് ല്യൂത്താർഡ് (പ്രസഡണ്ട്) 2009 മുതൽ
ട്രിനിഡാഡ് - കമലപ്രസാദ് (പ്രധാനമന്ത്രി) 2010 മേയ്

സ്ലൊവേക്യയിൽ ഐവേറ്റ റാഡിക്കോവയോട് ഒരു ഗവർമ്മേണ്ട് രൂപീകരിക്കാൻ ആവശ്യപ്പെട്ടതായി ജൂൺ 23ന്നു റിപ്പോർട്ടുണ്ടായിരുന്നു. ❑

# മാവോയിസം: സർക്കാരിന്റെ പുനരാലോചന

- ലോല നായർ -

കണ്ടാലറിയാത്തവൻ കൊണ്ടാലറിയും എന്നു പറയുന്നതുപോലെയാണ് കാര്യങ്ങളുടെ പോക്ക് മാവോയിസ്റ്റുകൾക്കെതിരായ "ഓപ്പറേഷൻ ഗ്രീൻ ഹണ്ട്" എങ്ങും എത്താതിരിക്കുകയും



ബംഗാളിൽ ജൂൺ 16ന്ന് രക്ഷാഭടന്മാരും മാവോയിസ്റ്റുകളും തമ്മിലുണ്ടായ ഏറ്റുമുട്ടലിന്നിടയിൽ അറസ്റ്റിലായ മാവോയിസ്റ്റെന്നു പറയപ്പെടുന്ന യുവാവ്. ഇയാൾ ഊമയും ബധിരനുമാണെന്ന് പോലീസ് തന്നെ പറയുന്നു.

മാവോയിസ്റ്റുകൾ മുമ്പും കയ്യും നേടുകയും ചെയ്ത സ്ഥിതിക്ക് ഗവർമ്മേണ്ട് പുതിയ തന്ത്രം ആവിഷ്ക്കരിച്ചുവരികയാണ്. വനവാസികളുടേയും ആദിവാസികളുടേയും സാമൂഹ്യ വികസനത്തിലൂടെ മാവോയിസത്തെ നേരിടാമെന്ന് ഗവർമ്മേണ്ട് കരുതുന്നു.

ധാതു സമ്പത്തു നിറഞ്ഞ ഗോത്ര വർഗ്ഗ ഭൂമികൾ വൻകിട കമ്പനിക്കാർക്ക് കണ്ണുമടച്ച് പങ്കിട്ടു കൊടുത്ത ഗവർമ്മേണ്ടിപ്പോൾ കണ്ണുതുറന്ന് ഒരു പുനരാലോചനയിലേർപ്പെട്ടിരിക്കുകയാണ്. അന്തം കെട്ട ഖനനത്തിന്നായി ആയിരക്കണക്കിന്ന് ആദിവാസികളെ കുടിയിറക്കേണ്ടിവന്നുവെങ്കിൽ, ആദിവാസികൾക്ക് എന്തെങ്കിലും നൽകി പരാതികൾക്ക് പരഹാരമുണ്ടാക്കാമെന്ന് ഗവർമ്മേണ്ട് കരുതുന്നു. ആദിവാസികളെ മാവോയിസ്റ്റ് ക്യാമ്പുകളിലെത്തിക്കുന്നത് അവരുടെ ഭൂമി തട്ടിപ്പറിച്ചതുകൊണ്ടാണെന്ന് ഗവർമ്മേണ്ട് വളരെ വൈകിയാണെങ്കിലും മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽ ആദിവാസികളുടെ ഇഷ്ടത്തിന്നനുസൃതമായ നയങ്ങളും നിയമനിർമ്മാണങ്ങളും ആവിഷ്ക്കരിക്കുന്നതിൽ ഗവർമ്മേണ്ടിപ്പോൾ ദത്തശ്രദ്ധമാണ്. ഈയിടെ പാർലിമെന്റ് പാസാക്കിയ വനാവകാശ നിയമം ഇതിന്റെ അനന്തരഫലമാണ്.

വനാവകാശ നിയമം പാസാക്കിയിട്ടും രണ്ടുകൊല്ലം അതു പുറത്തെടുക്കാതിരുന്ന ഗവർമ്മേണ്ട്, ഈയിടെ ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. പക്ഷെ ഏതു നിയമത്തിലുമുണ്ടാകുമല്ലൊ കുറെ ദ്വാരങ്ങൾ. വനാവകാശ നിയമത്തിലുണ്ട് ഏറെ ദ്വാരങ്ങൾ. തങ്ങൾ ജീവിക്കുന്ന ഭൂമി തങ്ങളുടെ പൂർവ്വികർ കൈവശം വച്ചുവന്നിരുന്ന ഭൂമിതന്നെയാണെന്ന് തെളിയിക്കാൻ കഴിവുള്ള ആദിവാസികൾക്കു മാത്രമേ പട്ടയം കിട്ടൂ. ഒരു ഭൂമി പൂർവ്വികർ കൈവശം വച്ചിരുന്നതുതന്നെയാണെന്ന് ഒരു ആദിവാസി എങ്ങനെ തെളിയിക്കാനാണ്?

ഇതിനേക്കാൾ സങ്കീർണ്ണമാണ് കുടിയിറക്കപ്പെട്ടവരുടെ കാര്യം. കയറിവന്ന മുതലാളിമാർക്കെല്ലാം ഖനനത്തിന്ന് അനുമതി നൽകിയിട്ടുണ്ട്. മുതലാളിമാരാകട്ടെ പൊലീസിന്റെ സഹായത്തോടെ ആദിവാസികളെയെല്ലാം ആട്ടിയോടിച്ചിട്ടുണ്ട്. ഇത്തരത്തിൽ വീടും കുടിയും നഷ്ടപ്പെട്ടവർക്കും മേലിൽ ഭൂമി നഷ്ടപ്പെടാനിടയുള്ളവർക്കും സംരക്ഷണം നൽകുന്ന ഒരു ബിൽ ഗവർമ്മേണ്ട് തയ്യാറാക്കിയിട്ടുണ്ട്. ബിൽ പാസാക്കി, അത് പ്രായോഗികമായി നടപ്പാക്കാൻ കാലം കുറെ പിടിക്കും. അതിന്നകം ചെറുപ്പക്കാരെല്ലാം മാവോയിസ്റ്റ് ക്യാമ്പുകളിൽ ചെന്നടിഞ്ഞുവെന്നും വരാം. 1995ൽ ഇന്ത്യയിൽ ആകെ അമ്പത് ജില്ലകളിൽ മാത്രമേ മാവോയിസ്റ്റ് സാന്നിധ്യമുണ്ടായിരുന്നുള്ളൂ. ഇന്ന് 230 ജില്ലകളിൽ മാവോയിസ്റ്റുകളുണ്ടെന്നു സർക്കാർ തന്നെ പറയുന്നു. സർക്കാരിന്റെ ആദിവാസി വികസന പദ്ധതികളെല്ലാം നടപ്പാക്കി വരുമ്പോഴേക്കും എന്താകും സ്ഥിതി? എട്ടു സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഏറ്റവും മോശമായ 34 ജില്ലകളിൽ പദ്ധതി തുടങ്ങിവയ്ക്കാനാണ് പ്ലാനിങ് കമ്മീഷന്റെ പ്ലാൻ.

മാവോയിസ്റ്റ് ജില്ലകളിലെ വികസന പദ്ധതികൾക്ക് പണത്തിനൊരു പഞ്ഞവുമില്ല. ആറു സർക്കാരേതര സംഘടനകളുടെ സഹായത്തോടെ പദ്ധതി നടപ്പാക്കാമെന്ന് പ്ലാനിങ് കമ്മീഷൻ കരുതുന്നു. കൊട്ടും കുരവയുമെല്ലാമായി പദ്ധതി നടപ്പാക്കാൻ ഗവർമ്മേണ്ട് തയ്യാറെടുക്കുന്നുണ്ടെങ്കിലും ഈ വൈകിയ വേളയിൽ ഇതൊക്കെ എത്രത്തോളം ഫലപ്രദമാകുമെന്ന് വിദഗ്ധർക്കിടയിൽതന്നെ സംശയമുണ്ട്. തൊഴിലവകാശം, ഭക്ഷ്യാവകാശം, വാർധക്യകാല പെൻഷൻ എന്നിവ നടപ്പാക്കുന്നത് കൂടുതൽ ഫലപ്രദമാകും പക്ഷെ അതൊന്നും സ്ഥിരമായി നടപ്പാക്കാനാവില്ല.

ആദിവാസികളേയും വനവസികളേയും ഇത്രയും കാലം അവഗണിച്ചുപോന്ന ഗവർമ്മേണ്ടിന്ന് ഇപ്പോൾ പെട്ടെന്നെന്തെങ്കിലും ചെയ്യാനാവില്ല. ഗവർമ്മേണ്ടിന്റെ മുന്നിലുള്ള പ്രശ്നം അതിഭീമമാണെന്ന് സാമൂഹ്യ പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു. വനഭൂമികളിൽ കൂറ്റൻ വ്യവസായശാലകൾ സ്ഥാപിച്ചിട്ടുണ്ട്. വലിയ ഖനികളുണ്ട്. പക്ഷെ ജനങ്ങൾക്ക് ഗുണം ചെയ്യുന്ന റോഡോ സ്കൂളോ ഒന്നും സ്ഥാപിച്ചിട്ടില്ല. ഒറീസയുടെ ഉൾഭാഗങ്ങളിൽ കിടക്കുന്ന ചന്ദ്രപ്പൂർ, ഗുഡാരി, മൽക്കൻഗിരി എന്നീ ജില്ലകളിൽ ഒരു ഭരണകൂടം ഉണ്ടോ എന്നുപോലും സംശയമാണ്. ഇവിടത്തെ ചെറുപ്പക്കാരെല്ലാം മാവോയിസ്റ്റ് സ്വാധീനത്തിൽ പെടുന്നു.

വനാവകാശ നിയമത്തിന്റെ കാര്യത്തിലുള്ള അനാസ്ഥ പൗരാവകാശ പ്രവർത്തകരെ നിരാശപ്പെടുത്തുന്നു. വിവിധ സംസ്ഥാന ഗവർമ്മേണ്ടുകൾ വനം നിയമത്തെ പാടെ ധ്വംസിക്കുകയാണെന്ന് "കല്പവൃക്ഷം" എന്ന പരിസ്ഥിതി സംഘടനയുടെ പ്രവർത്തകനായ അശീശ് കൊത്താരി വനം-പരിസ്ഥിതികാര്യമന്ത്രി ജയറാം രമേശിന്നയച്ച ഒരു കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വനം നിയമം കൂസലില്ലാതെ ധിക്കരിക്കുന്ന സംസ്ഥാനങ്ങൾ ആദിവാസികളുടെ വനാവകാശ നിയമത്തിന്റെ കാര്യത്തിൽ വിമുഖരാണ്.

ആദിവാസികളുടെ വനാവകാശ നിയമം നടപ്പാക്കാൻ ശ്രമം നടന്നിട്ടുള്ള സംസ്ഥാനങ്ങളിൽപോലും അതിന്റെ ഫലം ഒട്ടും തൃപ്തികരമല്ല. ആദിവാസികളുടെ നാടായ ഛത്തീസ്ഗഡ്തന്നെ ഇതിന്നു ഉദാഹരണം. വനഭൂമിക്കായി അഞ്ചുലക്ഷത്തോളം പേർ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഛത്തീസ്ഗഡിൽ അതിൽ 44 ശതമാനം പേർക്കുമാത്രമേ പട്ടയം നൽകിയിട്ടുള്ളൂ. മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. മധ്യപ്രദേശിൽ 30,000 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും 17,000 പേർക്കു മാത്രമേ പട്ടയം നൽകിയിട്ടുള്ളൂ.

Reg. No.3551/93/L Dis    Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21.    Date of posting: 28-07-2010

മേച്ചിൽ സ്ഥലങ്ങൾ ആരുടെ സ്വത്താണ്. എല്ലാ സമൂഹങ്ങളിലും കുറെ ഭൂമി നാൽക്കാലികൾക്കുള്ള മേച്ചിൽ പുറങ്ങളായി നീക്കിവയ്ക്കാറുണ്ട്. അത് പൊതു സ്വത്താണ്. നാൽക്കാലികളെ തീറ്റാൻ മാത്രമേ അത് ഉപയോഗിക്കാവൂ. വനാവകാശ നിയമപ്രകാരം ഇതിന്ന് ആദിവാസികൾക്ക് അവകാശമില്ല. ഇത്തരം മേച്ചിൽ പുറങ്ങൾ വ്യവസായികൾ കയ്യേറിക്കൊണ്ടിരിക്കുകയാണിപ്പോൾ.

വാസ്തവത്തിൽ ഈ വനാവകാശ നിയമം ഒരു പ്രഹസനമായിക്കൊണ്ടിരിക്കുകയാണ്. കാരണം, ആദിവാസികൾക്ക് നൽകാവുന്ന ഭൂമി കിട്ടാനില്ല. വല്ലേടത്തും അല്പം ഭൂമിയുണ്ടെങ്കിൽ അതൊക്കെ മറ്റുള്ളവർ മുൻകൂട്ടി കയ്യേറിക്കഴിഞ്ഞു. വനഭൂമി കയ്യേറുന്നവർക്ക് രാഷ്ട്രീയ പിൻബലമുണ്ട്. അതിനാൽ ഗവൻമ്മേണ്ടിന്ന് ഒന്നും ചെയ്യാനാവില്ല.

ഖനികൾമൂലം വീടും കുടിയും നഷ്ടപ്പെട്ടവരുടെ കാര്യമാണ് ഏറ്റവും വലിയ തലവേദനയായിരിക്കുന്നത്. ഇവരെയെല്ലാം എവിടെ പുരനധിവസിപ്പിക്കാനാണ്? ഝാർഖണ്ഡിലെ ഒരു പൊതുപ്രവർത്തകനായ വീരേന്ദ്രകുമാർ പറയുന്നത് ശ്രദ്ധിക്കൂ. 104 വ്യവസായ ശാലകൾക്കായി ഗവർമ്മേണ്ടും 66 വ്യവസായികളും തമ്മിൽ ഇതിന്നകം ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രങ്ങളനുസരിച്ച് വ്യവസായശാലകൾ സ്ഥാപിക്കുകയാണെങ്കിൽ 1.33 ലക്ഷം ഏക്കർ ഭൂമി ഖനികൾക്കായി വിട്ടുകൊടുക്കേണ്ടിവരും. ഇതിന്നർത്ഥം ഇരുപതുലക്ഷം കുടുംബങ്ങളെയെങ്കിലും കുടിയിറക്കേണ്ടിവരുമെന്നാണ്. തമാശ അതല്ല; ആദിവാസികൾ താമസിക്കുന്ന പ്രദേശത്തിന്നടിയിലെല്ലാം കൽക്കരിയാണ്. അതിൽനിന്ന് ഒരു കിലോ കൽക്കരിപോലും അവർക്കെടുക്കാൻ അവകാശമില്ല. അതിനാൽ നിയമവിരുദ്ധമായ കൽക്കരി വ്യാപാരം പൊടിപൂരമായി നടക്കുന്നു.

പല പ്രദേശത്തും പരമ്പരാഗതമായ തൊഴിലുകൾക്ക് ജീവൻവച്ചിട്ടുണ്ടെന്നതാണ് ആശ്വാസകരമായ ഒരു വസ്തുത. ചില ആരോഗ്യ സംരക്ഷണ പരിപാടികളും ഫലപ്രദമായി വരുന്നുണ്ട്. ഗവർമ്മേണ്ട് ഇടപെടലൊന്നുമില്ലാതെ, നാട്ടുകാർ സ്വയം മുൻകയ്യെടുക്കുന്നിടത്താണ് സദ്ഫലം കാണുന്നത്. വനിതകളുടെ സ്വയം സഹായ സംഘങ്ങൾ ഇതിന്നൊരു നല്ല ഉദാഹരണമാണെന്ന് “നീഡ്സ്” എന്ന സന്നദ്ധ സംഘടനയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ മുരാരി ചൗധരി ചൂണ്ടിക്കാട്ടുന്നു. ഈവക കാര്യങ്ങളെപ്പറ്റി ഗവർമ്മേണ്ട് ഗാഢമായി ചിന്തിക്കുന്നത് നല്ലതാണ്. വല്ലതുമൊക്കെ കാട്ടിക്കൂട്ടി എങ്ങുമെത്താതെ പിന്മാറേണ്ടി വരുന്നത് കൂടുതൽ ദോഷമേ ചെയ്യൂ.

പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം കൈമാറാൻ രാഷ്ട്രീയ നേതാക്കൾ വൈമുഖ്യമാണ് കാണിക്കുന്നത്. നിയമവിരുദ്ധമായി ഒരുപാട് കൽക്കരി ഖനനം നടന്നുവരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണ നിയമങ്ങളെയൊന്നും ആരും മാനിക്കുന്നില്ല. തന്മൂലം കൃഷി നശിക്കുകയും ജനങ്ങൾക്ക് വീടും കുടിയും വിട്ടുപോകേണ്ടിവരികയും ചെയ്യുന്നു. തൊഴിലവകാശ നിയമപ്രകാരം തൊഴിൽ ലഭിക്കുമെങ്കിലും കൂലി ലഭിക്കാൻ ഒരുപാട് കാലം കാത്തിരിക്കേണ്ടി വരുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.